കേരള ഗവർണ്ണർ

# ശ്രീ ആർ. എസ്. ഗവായ്

2011 ജൂൺ 24-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളേ,

**1.** പതിമൂന്നാം കേരള നിയമസഭയുടെ ആദ്യസമ്മേളനത്തിലേക്ക് എല്ലാ അംഗങ്ങളെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. എല്ലാ പ്രതിബന്ധങ്ങളെയും പ്രശ്നങ്ങളെയും തരണം ചെയ്തുകൊണ്ട് ഈ സംസ്ഥാനത്തിന്റെ വികസന മോഹങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള സാമൂഹിക പ്രതിബദ്ധതയും ശേഷിയും നിങ്ങൾക്കുണ്ടെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ആയതിനാൽ എനിക്ക് കേരളത്തിന്റെ ഭാവിയെക്കുറിച്ച് വളരെ പ്രതീക്ഷയുണ്ട് ; അതിൽ എനിക്ക് യാതൊരു ആശങ്കയുമില്ല.

**2.** മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നയിക്കുന്ന സർക്കാരിനെ കുറിച്ച് ജനങ്ങൾക്ക് വളരെയേറെ പ്രതീക്ഷയുണ്ട്. 'അതിവേഗം, ബഹുദൂരം' എന്ന സന്ദേശത്താൽ നയിക്കപ്പെടുന്നതുപോലെ തന്നെ ശ്രദ്ധയോടും അനുകമ്പയോടുംകൂടി കേരളത്തെ വികസിപ്പിച്ച് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകർക്കും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**3.** എന്റെ സർക്കാർ അധികാരത്തിൽ വന്നിട്ട് 38 ദിവസമേ ആയിട്ടുള്ളുവെങ്കിലും എന്റെ സർക്കാരിന്റെ ഈ കാലയളവിലെ പ്രവർത്തനരീതിയിൽ ഞാൻ അതീവ സന്തുഷ്ടനാണ്.

100 ദിന കർമ്മപരിപാടിയുടെ പ്രഖ്യാപനവും എല്ലാ മന്ത്രിമാരുടെയും അവരുടെ പേഴ്സണൽ സ്റ്റാഫിന്റെയും കുടുംബാംഗങ്ങളുടെയും സ്വത്തുവിവരം വെളിപ്പെടുത്താൻ എടുത്ത സുപ്രധാനമായ തീരുമാനവും, നൂതനവും രാജ്യമൊട്ടാകെ പ്രശംസിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. അടുത്ത അഞ്ചുവർഷം സുതാര്യവും അഴിമതി രഹിതവുമായ ഒരു സർക്കാരിനെ കേരള ജനതയ്ക്ക് നൽകുമെന്നുള്ള എന്റെ സർക്കാരിന്റെ ദൃഢനിശ്ചയത്തെയാണ് ഇത് കാണിക്കുന്നത്.

**4.** ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ കാസറഗോട്ടെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വളരെക്കാലമായി നൽകാതിരുന്ന സമാശ്വാസം കൃത്യമായി നൽകുന്നതിന് എന്റെ സർക്കാർ നടപടി സ്വീകരിച്ചു. അതുപോലെതന്നെ മൂലമ്പള്ളിയിൽ കുടിയിറക്കപ്പെട്ടവരുടെ പ്രശ്നപരിഹാരത്തിനുവേണ്ടി എടുത്ത നടപടികളും പ്രശംസ അർഹിക്കുന്ന കാര്യമാണ്. ഈ കാര്യങ്ങളിൽ പെട്ടെന്ന് തീരുമാനം കൈക്കൊണ്ട് വേഗത്തിൽ നടപ്പിലാക്കിയത് എന്റെ സർക്കാരിന്റെ ദൃഢനിശ്ചയവും മാനുഷികമുഖവും ആണ് കാണിക്കുന്നത്.

**5.** ദീർഘകാല അടിസ്ഥാനത്തിൽ ഗുണഫലം ഉളവാക്കുമായിരുന്നതും നടപ്പിലാക്കാതെ മാറ്റിവയ്ക്കപ്പെട്ടിരുന്നതുമായ പ്രധാന അടിസ്ഥാനസൗകര്യ വികസനപദ്ധതികൾ പുറത്തെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയിൽ കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം എന്നീ പദ്ധതികളും ഉൾപ്പെടുന്നു. ഇവയും അടുത്ത അഞ്ചു വർഷക്കാലയളവിൽ നടപ്പിലാക്കപ്പെടുന്ന മറ്റു സമാന പദ്ധതികളും കേരളത്തെ അതിന്റെ നല്ല കാലഘട്ടങ്ങളിലൊന്നിലേക്ക് നയിക്കുന്നതാണ്.

**6.** കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ ക്രമസമാധാന നില ആകെ തകരാറിലായി. വിലക്കയറ്റവും വികസന മുരടിപ്പും കാരണം ജനജീവിതം ദുഃസ്സഹമായി. സ്വന്തം പരാജയം മറച്ചുവയ്ക്കുന്നതിനായി കേന്ദ്ര സർക്കാരിനെ നിരന്തരം കുറ്റപ്പെടുത്തിയ സർക്കാർ, സംസ്ഥാനത്തെ 77,900 കോടി രൂപയുടെ കടക്കെണിയിലാഴ്ത്തി. ധനകമ്മി 6,913 കോടി രൂപയായും റവന്യൂകമ്മി 4,522 കോടി രൂപയായും ഉയർന്നു. അഴിമതിയും കെടുകാര്യസ്ഥതയും സർക്കാരിന്റെ മുഖമുദ്രയായി മാറി.

**7.** 2001-2006 യു. ഡി. എഫ്. (UDF) ഭരണകാലത്ത് വളർച്ചാ നിരക്കിൽ പുരോഗതി രേഖപ്പെടുത്തുകയും സംസ്ഥാനം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തപ്പെടുകയും ചെയ്തു. എന്നാൽ എൽ. ഡി. എഫ്. (LDF) ഭരണകാലത്ത്, നിക്ഷേപത്തിന്റെ ഒഴുക്ക് ശുഷ്കമാവുകയും സംസ്ഥാനം കാർഷിക വ്യവസായ മേഖലകളിൽ കടുത്ത വീഴ്ച അഭിമുഖീകരിക്കുകയും ചെയ്തു. ക്രൈം റിക്കോഡ്സ് ബ്യൂറോയുടെ രേഖകൾ പ്രകാരം ക്രമസമാധാനത്തിൽ മുൻനിരയിൽ ആയിരുന്ന സംസ്ഥാനം കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിൽ മുൻനിരയിൽ എത്തുന്ന നിലയിലേക്ക് അധഃപതിച്ചു. മതസഹിഷ്ണുതയ്ക്ക് പുകൾപെറ്റ നമ്മുടെ നാട് തീവ്രവാദികളുടെ പരിശീലനക്കളരിയായി മാറി.

**8.** വികസന മേഖലയിൽ യാതൊന്നും ചെയ്യുന്നതിന് എൽ. ഡി. എഫ്. (LDF) സർക്കാരിന് കഴിഞ്ഞിട്ടില്ല. അന്നത്തെ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാം ഈ മഹനീയ സഭയ്ക്ക് മുമ്പാകെ അവതരിപ്പിച്ച അദ്ദേഹത്തിന്റെ 'വിഷൻ 2010'-ൽ മുന്നോട്ട് വച്ച നിർദ്ദേശങ്ങളിൽ ഒന്നുപോലും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല.

**9.** വളരെയധികം അഴിമതി ആരോപണങ്ങൾ സഭയ്ക്ക് അകത്തും പുറത്തും ഉയർത്തിയെങ്കിലും അവയിൽ ഏതിലെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ കൂട്ടാക്കിയില്ല. ലോട്ടറി മാഫിയ 80,000 കോടി രൂപ കൊള്ളയടിച്ചതായി സർക്കാർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ലോട്ടറിയിൽ നിന്ന് 5,000 കോടി രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് ആരോപിച്ചതിനുശേഷം അധികാരത്തിൽ വന്ന സർക്കാരിനു ഒരു രൂപ പോലും പിരിച്ചെടുക്കുന്നതിന് കഴിഞ്ഞില്ല.

**10.** എൽ. ഡി. എഫ്. (LDF) സർക്കാർ അവരുടെ പരാജയങ്ങൾ മറച്ചുവയ്ക്കുന്നതിനായി കേന്ദ്രസർക്കാരിനെ പഴിചാരുമ്പോഴും കേന്ദ്രത്തിൽ നിന്നുള്ള സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ പോലും നേടിയെടുക്കാൻ ഒരു ശ്രമവും നടത്താതിരിക്കുകയും സംസ്ഥാനത്തിന് അനുവദിച്ച തുക പാഴാക്കുകയും ചെയ്തു. സംസ്ഥാനത്ത് ഏക വൻ നിക്ഷേപം നടത്താനിടയായത് കേന്ദ്രമന്ത്രിമാരുടെ, പ്രത്യേകിച്ച് പ്രതിരോധമന്ത്രാലയത്തിന്റെ താല്പര്യപ്രകാരം ആയിരുന്നു. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് ഭീഷണിയായി നടപടികളുണ്ടായ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. കേരള സർക്കാർ കേന്ദ്രസർക്കാരിനെതിരെ പ്രക്ഷോഭം നടത്തിയ സംഭവം നമ്മുടെ ഭരണസംവിധാനത്തിനു കളങ്കംചാർത്തി.

**11.** മൂന്നാറിൽ ടാറ്റയുടെ കൈവശമുള്ള 50,000 ഏക്കർ കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കും എന്നുള്ള വാഗ്ദാനവുമായി അധികാരത്തിലേറിയ ഒരു സർക്കാരിന്, ഏതാനും ചില കെട്ടിടങ്ങൾ നശിപ്പിക്കുന്നതിൽ ഏർപ്പെട്ടതൊഴിച്ചാൽ പ്രതീക്ഷിച്ച പുരോഗതി നേടാൻ കഴിഞ്ഞില്ല. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കുട്ടനാട്, വയനാട്, ഇടുക്കി പാക്കേജുകൾ ഫലപ്രദമായി നടപ്പിലാക്കാൻ ഇടതു സർക്കാരിന് കഴിയാതിരുന്നത് കാർഷികമേഖലയുടെ തകർച്ചയ്ക്ക് ഇടയാക്കി.

**12.** ഈ സ്ഥിതിയിൽ നിന്നും ഒരു മാറ്റം ആഗ്രഹിക്കുന്നുവെന്ന് കേരള ജനത വ്യക്തമായി സൂചിപ്പിക്കുകയും യു.ഡി.എഫ്. (UDF) സർക്കാരിനെ അധികാരത്തിൽ കൊണ്ടുവരികയും ചെയ്തു. സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് എന്റെ സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടും പ്രത്യേക ലക്ഷ്യങ്ങളും ഉണ്ടെന്നതിൽ ഞാൻ അഭിമാനിക്കുന്നു. പ്രകൃതിയുടെ സന്തുലനാവസ്ഥയ്ക്കും താളത്തിനുമനുസരിച്ചുള്ള സുസ്ഥിര വികസനത്തിനാണ് എന്റെ സർക്കാർ ലക്ഷ്യമിടുന്നത്. പാവങ്ങളുടെ താല്പര്യങ്ങൾ ബലികഴിക്കാതെ കരുതലോടെയുള്ള വികസനത്തിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക എന്നത് ആയിരിക്കും എന്റെ സർക്കാരിന്റെ വീക്ഷണം. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനും വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും മദ്യംമൂലമുള്ള സാമൂഹിക വിപത്തിന് ഘട്ടം ഘട്ടമായി അറുതിവരുത്തുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും എന്റെ സർക്കാർ മുൻഗണന നൽകുന്നതാണ്.

**13.** കേരളത്തിലെ കാർഷികമേഖല, പ്രധാനമായും അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും സാധനവിലയിലുണ്ടാകുന്ന വ്യതിയാനങ്ങളും കർഷക സമൂഹം നേരിടുന്ന മറ്റു പല പ്രശ്നങ്ങളും കാരണം ദുഷ്കരമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. നെൽകൃഷിയുള്ള പ്രദേശത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്ന ഒരു പ്രവണതയാണ് കഴിഞ്ഞ രണ്ടു ദശകങ്ങളായി കണ്ടുവരുന്നത്. എന്റെ സർക്കാർ, ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിന് തരിശുനിലം കൃഷി, മലനാടൻ കൃഷി എന്നിവയിലൂടെ കൃഷിഭൂമി വിപുലീകരണവും ഉൽപ്പാദനക്ഷമത വർദ്ധനവും ഊന്നൽ നൽകേണ്ട മേഖലകളായി കണ്ടെത്തിയിട്ടുണ്ട്. ആവശ്യമായ യന്ത്രോപകരണങ്ങളും ന്യായമായ

സംഭരണ വിലയും നൽകുകവഴി യഥാസമയമുള്ള വിളവെടുപ്പും നെല്ലുസംഭരണവും ഉറപ്പുവരുത്തുന്നതാണ്. മെച്ചപ്പെട്ട വില ലഭിക്കുന്നതുമൂലം ധാരാളം കർഷകർ തെങ്ങുകൃഷിയിലേക്ക് മടങ്ങിവരുന്നതിനാൽ കേരകർഷകർക്ക് 'ക്ലസ്റ്റർ രീതി' സ്വീകരിച്ചു കൊണ്ട് ഉൽപാദന വർദ്ധനവിന് കൂടുതൽ ഊന്നൽ നൽകുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**14.** വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടെങ്കിലും വലിയതോതിലുള്ള ഉൽപാദന-ഉപഭോഗ അന്തരം നിലനില്ക്കുന്നുണ്ട്. കർഷകരുടെ സംഘങ്ങൾ രൂപീകരിച്ചു കൊണ്ട് ഓരോ പഞ്ചായത്തിലും പച്ചക്കറി കൃഷി വികസന പരിപാടി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു. തനിവിളയായി വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും തരിശുനിലം, വീട്ടുവളപ്പ്, സ്വകാര്യ-പൊതു സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമി എന്നിവിടങ്ങളിലുള്ള പച്ചക്കറി കൃഷിയുമാണ് ഈ വർഷം ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 'പ്രിസിഷൻ ഫാമിങ്ങി'ന് പ്രത്യേക പ്രാധാന്യം നൽകുന്നതിനും ഉദ്ദേശിക്കുന്നു. വകുപ്പു തലത്തിൽ ഗുണ നിയന്ത്രണം ശക്തിപ്പെടുത്തിയും ജൈവ കീട നാശിനികളും കീടങ്ങളുടെ ജൈവ നിയന്ത്രണവും പ്രോത്സാഹിപ്പി ച്ചുകൊണ്ടും എൻഡോസൾഫാന്റെയും നിരോധിക്കപ്പെട്ട മറ്റു കീട നാശിനികളുടെയും ഉപയോഗം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**15.** കുട്ടനാട് പാക്കേജിന്റെ കീഴിൽ, കർഷക സമൂഹവുമായി കൂടിയാലോചിച്ച്, പെട്ടിയും പറയും സെറ്റുകളും, കൊയ്ത്ത് മെതി യന്ത്രങ്ങളും അനുബന്ധസാമഗ്രികളോടുകൂടിയ ട്രാക്ടറുകളും പവർ ടില്ലറുകളും ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ കസ്റ്റം ഹയറിംഗ് കം

ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് പ്രത്യേകം പ്രാധാന്യം നൽകുന്നതാണ്. എന്റെ സർക്കാർ കർഷകർക്കുവേണ്ടി നൂതനമായ ഒരു വായ്പാനയം രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതാണ്. എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ കർഷകർക്കും ഘട്ടംഘട്ടമായി 'സോയിൽ ഹെൽത്ത് കാർഡ്' നൽകുന്നതാണ്. ദീർഘകാലാടിസ്ഥാനത്തിൽ നമുക്ക് ജൈവകൃഷിയിലേക്ക് മാറേണ്ടതും, ഈ ദിശയിലേക്കുള്ള സുപ്രധാന നടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതുമാണ്.

**16.** വളരെയധികം പ്രശംസ പിടിച്ചുപറ്റിയ കേരള മോഡൽ പൊതുവിതരണ സമ്പ്രദായം (PDS) കൂടുതൽ ചില്ലറ വില്പനശാലകൾ തുറന്നുകൊണ്ട് ഇനിയും ശക്തിപ്പെടുത്തുന്നതാണ്. ബി. പി. എൽ. (BPL) കുടുംബങ്ങൾക്ക് ഓണത്തോടുകൂടി കിലോയ്ക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം 25 കിലോഗ്രാം അരി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ എടുത്തിട്ടുണ്ട്. കേന്ദ്ര പൂളിൽ നിന്നും ഭക്ഷ്യധാന്യങ്ങളുടെ മതിയായ വിഹിതം നേടിയെടുക്കുന്നതിന് എന്റെ സർക്കാർ യത്നിക്കുന്നതാണ്. വയനാട് പോലെയുള്ള പിന്നാക്ക ജില്ലകളിലെ പ്രാചീന ആദിവാസി കുടുംബങ്ങളെ അന്ത്യോദയ അന്നയോജന (AAY)-യിൽ ഉൾപ്പെടുത്തുന്ന കാര്യം എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. അന്നപൂർണ്ണ പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് അവരെ കണ്ടെത്തുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

**17.** അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ വിപണി ഇടപെടൽ എന്ന നിലയിൽ പൊതു വിപണിയിലുള്ളതിനെക്കാൾ പത്തുശതമാനമെങ്കിലും വിലക്കുറവിൽ പതിനഞ്ച് അവശ്യസാധനങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് 354 കോടി രൂപയുടെ ഒരു പദ്ധതിക്ക് ഭാരത സർക്കാരിന്റെ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അംഗീകൃത മൊത്ത വ്യാപാര ഡിപ്പോകളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ എടുക്കുന്നതിന് ഇപ്പോൾ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി, ഭക്ഷ്യധാന്യങ്ങളുടെ വില വ്യാപാരി അടയ്ക്കുന്നതിനും സർക്കാരിന്റെ സബ്സിഡി വിഹിതത്തിനും, സർക്കാർ ഇ-പേയ്മെന്റ് നടപ്പിലാക്കുന്നതാണ്. കൂടുതൽ ഗോഡൗണുകളും വെയർഹൗസുകളും, പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ അറക്കുളവും വയനാട് ജില്ലയിലെ മീനങ്ങാടിയും പോലുള്ള വിദൂര പ്രദേശങ്ങളിലും ആലപ്പുഴ ജില്ലയിലെ പുറക്കാട്ടും സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ എല്ലാ പരിശ്രമങ്ങളും നടത്തുന്നതാണ്. സപ്ലൈകോ (SUPPLYCO) സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ കുടിശ്ശികയായിത്തീർന്ന 100 കോടി രൂപ ഉടൻതന്നെ കൊടുത്തു തീർക്കുന്നതാണ്. ആശുപത്രികൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, എന്നിവപോലെയുള്ള വൻകിട ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിലുള്ള ഭക്ഷ്യധാന്യ വിൽപ്പന സാധ്യമാക്കുന്നതിനു വേണ്ടി, ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധന നിയന്ത്രിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി എന്റെ സർക്കാർ ഭക്ഷ്യധാന്യങ്ങളുടെ സ്വതന്ത്ര വിപണന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതാണ്. ലക്ഷ്യമിട്ട വിതരണം ഉറപ്പാക്കുകയും ചോർച്ച തടയുകയും ചെയ്യുക എന്ന കാഴ്ചപ്പാടോടെ പ്രാദേശിക ഭക്ഷ്യ ഉപദേശക-വിജിലൻസ് കമ്മിറ്റികൾ ശക്തിപ്പെടുത്തുന്നതാണ്. ഇതിനുപുറമെ, റേഷൻ കാർഡുകളിൽ വിരലടയാള വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് റേഷൻ കാർഡ് ഉടമകളുടെ തിരിച്ചറിയൽ

ഭാരത സർക്കാരിന്റെ യുണീക്ക് ഐ. ഡി. പദ്ധതിയുമായി ബന്ധപ്പെടുത്തുന്നതിനും വിഭാവന ചെയ്യുന്നു.

**18.** കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ (SUPPLYCO), ഏഴു സ്ഥലങ്ങളിൽ ഹൈപ്പർ മാർക്കറ്റുകൾ തുറക്കുന്നതാണ്. നടപ്പു സാമ്പത്തികവർഷം പത്ത് സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ കൂടി തുറക്കുന്നതിനും നിലവിലുള്ള എഴുപത്തിയഞ്ച് മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതിനും ഉദ്ദേശിക്കുന്നു. ഇതിനു പുറമെ, പത്ത് സൂപ്പർ മാർക്കറ്റുകൾ ആധുനിക ഷോപ്പിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പീപ്പിൾസ് ബസാറുകളായി മാറ്റുന്നതുമാണ്.

**19.** മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിൽ, പീലിംഗ് തൊഴിലാളികളുടെ ദുരവസ്ഥ പരിഹരിക്കൽ ആയിരുന്നു ഇതുവരെ അവഗണിക്കപ്പെട്ടിരുന്ന ഒരു മേഖല. അവരുടെ ശുചിത്വം, ആരോഗ്യം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കുന്നതാണ്. മത്സ്യോൽപ്പാദനത്തിനായുള്ള പ്രദേശം വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജലസ്രോതസ്സുകൾ പാട്ടത്തിന് കൊടുക്കുന്നത് സംബന്ധിച്ച് സർക്കാർ ഒരു നയം കൊണ്ടുവരുന്നതാണ്. കടൽക്ഷോഭവും പ്രതികൂല കാലാവസ്ഥയും മൂലം കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികളുടെ വള്ളങ്ങൾക്കും അനുബന്ധ സാധനസാമഗ്രികൾക്കും ഉണ്ടാകുന്ന നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി അവർക്കുവേണ്ടി എന്റെ സർക്കാർ ഒരു ദുരിതാശ്വാസ ഫണ്ട് ആരംഭിക്കുന്നതാണ്. കടൽക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടങ്ങൾ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൻ കീഴിലെ സഹായത്തിനായുള്ള ലിസ്റ്റിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത് ആവശ്യമായി വന്നിട്ടുള്ളത്.

**20.** പോലീസ് സേനയെ കൂടുതൽ കാര്യക്ഷമതയുള്ളവരും പ്രതികരിക്കുന്നതും ഉത്തരവാദിത്വമുള്ളതും സഹായ സന്നദ്ധരുമായി മാറ്റുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പോലീസ് സേനയ്ക്കുള്ളിലെ ഏതൊരു ക്രിമിനൽ പ്രവണതയേയും ശക്തമായി കൈകാര്യം ചെയ്യുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെ ഗൗരവമായി കാണുന്നതിന് തീരുമാനിച്ചിട്ടുള്ളതും അങ്ങനെയുള്ള കേസ്സുകളിൽ കടുത്ത നടപടികൾ എടുക്കുന്നതുമാണ്. വഞ്ചനാകുറ്റം ചെയ്യുന്നവർക്കെതിരേയും മണിചെയിൻ ബിസിനസ്സിൽ ഏർപ്പെടുന്നവർക്കെതിരേയും കർശന നടപടി ഉണ്ടാകുന്നതും കുറ്റക്കാർക്കെതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിൻ പ്രകാരം കേസ് എടുക്കുന്നതുമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി പോലീസ് സേനാംഗങ്ങൾ ഭയമോ പക്ഷപാതമോ ഇല്ലാതെ അവരുടെ കർത്തവ്യം നിർവ്വഹിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ഉചിതമായ ഭരണപരമായ നടപടികൾ കൈക്കൊള്ളുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. പ്രതിബദ്ധതയോടുകൂടി ടെക്നോളജി അപ്ഗ്രഡേഷൻ അവലംബിക്കുന്നതും പോലീസ് സേനയിലെ എല്ലാ ഒഴിവുകളും നികത്തുന്നതിന് പ്രത്യേക പരിശ്രമം നടത്തുന്നതുമാണ്. നിലവിലുള്ള ജനമൈത്രി പോലീസ് സംവിധാനം പുതിയ പോലീസ് സ്റ്റേഷനുകളിലേക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്നതാണ്.

**21.** എന്റെ സർക്കാർ, കസ്റ്റഡി മരണങ്ങൾ തടയുന്നതിന് വ്യവസ്ഥാപിതമായ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുന്നതും കുറ്റക്കാരെന്നു കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. നിയമപരമായ പൗരാവകാശങ്ങളും

മനുഷ്യാവകാശങ്ങളും മാനിക്കുന്ന ഒരു പുതിയ സംസ്കാരം ലക്ഷ്യമാക്കിയിട്ടുള്ള പോലീസ് പരിഷ്കാരങ്ങൾക്ക് എന്റെ സർക്കാരിന്റെ അടിയന്തിരശ്രദ്ധ ലഭിക്കുന്നതാണ്. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്റ്റിന്റെ നടപ്പാക്കൽ, അതിന്റെ ബൃഹത്തായ ലക്ഷ്യം നിറവേറ്റുന്നതിനായി, പുനരവലോകനം ചെയ്യുന്നതും ശക്തിപ്പെടുത്തുന്നതുമാണ്. അതിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിൽ എന്റെ സർക്കാർ അതീവശ്രദ്ധ ചെലുത്തുമ്പോഴും അത് കാര്യക്ഷമമായും വസ്തുനിഷ്ഠമായും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതാണ്.

**22.** പുതിയതും ആധുനികവുമായ ഉപകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഫയർ ആന്റ് റസ്ക്യൂ സർവീസസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്. XIII-ാം ധനകാര്യ കമ്മീഷൻ ലഭ്യമാക്കിയിട്ടുള്ള തുക ഉപയോഗിച്ച് വിയ്യൂരിലെ ഹൈ സെക്യൂരിറ്റി പ്രിസൺ, തവനൂരിലെ ജില്ലാ ജയിൽ, കൊല്ലം ജില്ലാ ജയിലിലെ പുതിയ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, അഴിമതിക്കേസുകളുടെ പ്രോസിക്യൂഷൻ ത്വരിതപ്പെടുത്തുന്നതിനായി വിജിലൻസ് കേസുകളുടെ വിചാരണയ്ക്കായി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ നാല് കോടതികൾ കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**23.** സംസ്ഥാനത്തിന്റെ ശേഷിയും വിഭവങ്ങളും ക്രമീകരിച്ചുകൊണ്ട് ത്വരിതഗതിയിലുള്ള സാമ്പത്തിക പുരോഗതി കൈവരിക്കുകയാണ് എന്റെ സർക്കാരിന്റെ ലക്ഷ്യം. കേരളത്തെ ഒറ്റ യൂണിറ്റായി കണ്ട് ഫലപ്രാപ്തി ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പുതിയ

വികസന മാതൃക സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഇതിലേക്ക് ആവശ്യമായ നേതൃത്വം മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു കമ്മിറ്റി നൽകുന്നതാണ്. വ്യാവസായിക പുരോഗതി ചലനാത്മകമായ ഒരു സംഗതിയായതിനാൽ ഫലം ലഭിക്കുന്നതിന് തുടർച്ച ആവശ്യമാണ്. വളർച്ചയുടേയും വികസനത്തിന്റേതുമായ ഒരു പുതിയ കാലഘട്ടത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്നതിനായി ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ എന്റെ സർക്കാർ നിരവധി ധീരമായ നയങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളതാണ്. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനു വേണ്ടിയുള്ള ഉദാരമായ നയം, ആഗോള നിക്ഷേപക സംഗമത്തിന്റെ നടത്തിപ്പ്, നടപടിക്രമങ്ങളുടെ ലഘൂകരണം, പൊതുമേഖലായൂണിറ്റുകളുടെ പുനഃസംഘടന എന്നിവയെല്ലാം സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക അടിത്തറയ്ക്ക് സഹായകമായി. ആവാസ വ്യവസ്ഥയോടും പരിസ്ഥിതിയോടും സന്ധിചെയ്യാതെയുള്ള സാർവ്വത്രിക സാമ്പത്തിക വളർച്ചയാണ് ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യത്തിനുള്ള തടസ്സങ്ങൾ നീക്കുക, വളർച്ചയ്ക്കുവേണ്ടി പുതിയ മേഖലകൾ തുറന്നുകൊടുക്കുക, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക, പദ്ധതികൾക്കു വേണ്ടിയുള്ള സ്ഥലം ലഭ്യമാക്കുക എന്നിവ വളർച്ച ലക്ഷ്യമിട്ടിട്ടുള്ള ദിശയിലേക്ക് തന്നെയാണ് എന്ന് ഉറപ്പു വരുത്തുന്നതാണ്. സംസ്ഥാനത്തിന്റെ സുസ്ഥിരമായ സാമ്പത്തിക വളർച്ചയും ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ചില സൺസെറ്റ് സെക്ടറുകൾക്ക് പകരം വിദ്യാഭ്യാസം, ആരോഗ്യം, വിനോദസഞ്ചാരം, ഐ.ടി., വാണിജ്യം, റീട്ടെയിൽ, ബയോടെക്നോളജി, കമ്മ്യൂണിക്കേഷൻ എന്നീ വികസിച്ചു കൊണ്ടിരിക്കുന്ന മേഖലകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

**24.** കിൻഫ്ര പോലുള്ള ഏജൻസികൾ വഴി സ്ഥലം ഏറ്റെടുക്കുന്നതിനും ദീർഘനാളത്തെ ആവശ്യമായിരുന്ന വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടിയുള്ള മുൻ യു.ഡി.എഫ്. (U.D.F.) സർക്കാരിന്റെ ദീർഘവീക്ഷണത്തോടു കൂടിയുള്ള നയങ്ങളുടെ ഫലമായി സമീപകാലത്ത് സംസ്ഥാനത്ത് നിരവധി കേന്ദ്ര-പൊതുമേഖലാ യൂണിറ്റുകൾ നിക്ഷേപം നടത്തുന്നതിന് ഇടയാക്കി. കിൻഫ്ര (KINFRA)യും കെ.എസ്.ഐ.ഡി.സി. (KSIDC) യും സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിക്ഷേപം കൊണ്ടുവരുന്നതിനായി അനുയോജ്യമാക്കിയ ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ, മൂലധനം സ്വരൂപിക്കൽ, ക്ലിയറൻസ് ലഭിക്കുന്നതിനുള്ള സഹായം നൽകൽ എന്നിവയിലുള്ള അവരുടെ നിർണ്ണായക പങ്ക് ശക്തിപ്പെടുത്തുന്നതാണ്.

**25.** കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം ഉണ്ടായിരിക്കുന്നതല്ല. കൈത്തറിയും കശുവണ്ടിയും പോലെയുള്ള പരമ്പരാഗത മേഖലകളാണ് സംസ്ഥാനത്തിന്റെ വ്യാവസായിക പ്രവർത്തനങ്ങളുടെ നട്ടെല്ല്. ഈ മേഖലയിലെ മിക്ക യൂണിറ്റുകളും സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലല്ല. എന്നാൽ അവയെ സ്വന്തം കാലിൽ നിൽക്കുന്നതിലേക്കായി സഹായിക്കുന്നത് തുടരുന്നതാണ്. പരമ്പരാഗതമേഖലയെ സാമ്പത്തികമായ കോണിലൂടെ മാത്രം വീക്ഷിക്കുവാൻ കഴിയുകയില്ല. ഈ മേഖലയിൽ സാമൂഹികവും സാംസ്ക്കാരികവും മാനുഷികവുമായ മാനങ്ങൾ ഉണ്ട്. അവയെ ലാഭേച്ഛയോടുകൂടി കാണാതെ ഉദാരദൃഷ്ടിയോടുകൂടി മാത്രമാണ് കാണുന്നത്.

**26.** കേരളത്തെ ഒരു ഐ.ടി. (IT) നിക്ഷേപസൗഹൃദ ലക്ഷ്യസ്ഥാനമാക്കിമാറ്റുവാൻ വേണ്ടിയുള്ള അനുകൂല നിക്ഷേപ കാലാവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്റെ സർക്കാർ പരിശ്രമിക്കുന്നതാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൻ നിക്ഷേപങ്ങളൊന്നും തന്നെ വരാത്തതുകൊണ്ട് വമ്പിച്ച മുതൽമുടക്കോടുകൂടി കൊണ്ടുവന്ന ടെക്നോളജി പാർക്കുകൾ കഴിഞ്ഞ അഞ്ചു വർഷത്തിൽ ഭൂമി ഏറ്റെടുക്കലിനും വികസനത്തിനുമായി ബാങ്ക് വായ്പ എടുത്ത വകയിൽ വൻ ബാദ്ധ്യതകൾ വരുത്തിവച്ചിട്ടുണ്ട്. ഐ.ടി. (IT) വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഐ.ടി. (IT) യെ ജനങ്ങളിലെത്തിക്കുന്നതിനും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച ഐ.ടി. മിഷൻ അതിന്റെ ദൗത്യത്തിൽ നിന്ന് പൂർണ്ണമായി വ്യതിചലിച്ചത് പൂർണ്ണമായ അഴിച്ചുപണി ആവശ്യമുള്ളതാക്കി. ചെറുപ്പക്കാരും വിദ്യാസമ്പന്നരുമായ കേരളീയർക്ക് കൂടുതൽ ഫലപ്രദവും പ്രയോജനകരവും ആക്കുന്നതിലേക്കായി ഐ.ടി. മിഷനേയും ടെക്നോളജി പാർക്കുകളേയും പുനഃസംഘടിപ്പിക്കുന്നതിനായിരിക്കും മുന്തിയ പരിഗണന. ഏറ്റെടുത്ത ഭൂമിയിൽ പുതിയ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കമ്പനികളെ ആകർഷിക്കുക വഴി ടെക്നോളജി പാർക്കുകൾ കടക്കെണിയിൽ വീഴാതിരിക്കുന്നത് ഉറപ്പു വരുത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നാം പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. പുതിയ ഒരു വിവരസാങ്കേതികവിദ്യാനയം ഉടൻ രൂപീകരിക്കുന്നതാണ്. വൻ സാദ്ധ്യതകളുള്ള ഇ-ഗവേണൻസ് മേഖലയിൽ നമ്മുടെ സർക്കാർ മുൻപന്തിയിലായിരുന്നതും കേരളത്തിന് ഇ-ഗവേണൻസിൽ ഭാരതത്തിലെ ഒന്നാം സ്ഥാനക്കാരായി ഉയർന്നുവരുന്നതിനുള്ള എല്ലാ സാദ്ധ്യതകളും ഉള്ളതുമാണ്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള സർക്കാർ ഇ-ഗവേണൻസ് വർദ്ധിച്ച

കാര്യക്ഷമതയും മാത്സര്യവും കൊണ്ടുവരുന്നതു വഴി സാമ്പത്തിക മേഖലയിൽ സംസ്ഥാനത്തെ നേതൃസ്ഥാനത്തേക്ക് എത്തിക്കുന്നതിന് പ്രാപ്തമാക്കുന്നതുമാണ്. ഇ-ഗവേണൻസ് ഉദ്യമത്തിന്റെ തുടർച്ചയെന്നോണം ഒരു ഡിസാസ്റ്റർ റിക്കവറി സൈറ്റ് ആരംഭിക്കുന്നതിനും ഇലക്ട്രോണിക് ഇടപാടുകൾക്ക് ഡിജിറ്റൽ ഒപ്പും ഇലക്ട്രോണിക് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് സൈബർ ഫോറൻസിക് ലാബും പോലെയുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**27.** ആവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ടെക്നോളജി പാർക്കുകളുടെ വികസനം പൂർത്തീകരിക്കുകയും ആയത് നിക്ഷേപകരുടെ എണ്ണം, കയറ്റുമതി വരുമാനം, തൊഴിൽ അവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. വളരെ വൈകിപ്പോയ കൊച്ചിയിലെ സ്മാർട്ട് സിറ്റി പ്രോജക്റ്റിന്റെ വിജയകരമായ നടത്തിപ്പിന് സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്നതാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതികൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതും കൂടുതൽ സേവനങ്ങളോടെ മൊബൈൽ ഗവേണൻസ് പദ്ധതി വർദ്ധിപ്പിക്കുന്നതുമാണ്. 'യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ' രജിസ്ട്രേഷനുവേണ്ടി എൻറോൾമെന്റ് ഏജൻസിയായി അക്ഷയ കേന്ദ്രങ്ങളെ ചുമതലപ്പെടുത്താനുള്ള തീരുമാനം സംസ്ഥാനത്തൊട്ടാകെയുള്ള അക്ഷയ കേന്ദ്രങ്ങളുടെ സേവനങ്ങളെ ശക്തിപ്പെടുത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്.

**28.** നാല് ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക്, മുഖ്യമായും സ്ത്രീകൾക്ക്, ഉപജീവനമാർഗ്ഗം നൽകുന്ന കേരളത്തിലെ മുഖ്യമായ ഒരു പരമ്പരാഗത വ്യവസായമാണ് കയർ

വ്യവസായം. കയർ മേഖലയുടെ സമഗ്രമായ വികസനത്തിനുവേണ്ടി തൊഴിലാളികളുടെയും ഉൽപ്പാദകരുടെയും ഇടയിൽ ആത്മവിശ്വാസ ത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഒരു അന്തരീക്ഷം സൃഷ്ടിക്കു ന്നതിന് നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആഭ്യന്തര വിപണിയിലും അതുപോലെ അന്താരാഷ്ട്ര വിപണി യിലും കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണനം പ്രോത്സാ ഹിപ്പിക്കുന്നതിന് 'കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം' ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. പരമ്പരാഗത മേഖലയിൽ എല്ലാ തല്പരകക്ഷികളുടെയും പങ്കാളിത്തത്തോടെ പൊതു-സ്വകാര്യപങ്കാ ളിത്തത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന ആദ്യത്തെ ഉദ്യമമാണ് ഇത്.

**29.** കൃഷിക്കും അനുബന്ധ പ്രവൃത്തികൾക്കുമായി പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും കൂടുതൽ വായ്പ നൽകുന്നതാണ്. ഗന്ധകശാല, പൊക്കാളി എന്നീ നെല്ലിന ങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കുകയും പ്രോസ്സസ്സിംഗ് യൂണിറ്റുകൾ തുറക്കു കയും ചെയ്യുന്നതാണ്. കൂടുതൽ കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്ന തിന് സാമ്പത്തിക സഹായം നൽകുന്നതും നെൽകൃഷിക്ക് വേണ്ടി പലിശരഹിത വായ്പ വിതരണം ചെയ്യുന്നതുമാണ്. കൂടുതൽ കർഷക സേവന കേന്ദ്രങ്ങൾ തുറക്കുന്നതാണ്. വിദ്യാഭ്യാസ-ആതുരാലയ സഹകരണ സംഘങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനുവേണ്ടി പുതിയ ഹൃദ്രോഗ, വൃക്കരോഗ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതും കേപ് (CAPE)-ന്റെ നിയന്ത്രണത്തിൻകീഴിൽ പുതിയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതു മാണ്. ഉപഭോക്തൃ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതും കൂടുതൽ നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും

തുറക്കുന്നതുമാണ്. ഇ.എം.എസ്. (EMS) ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് സഹകരണമേഖല തദ്ദേശ സ്ഥാപനങ്ങൾക്ക് വായ്പയായി നൽകുന്നതാണ്.

**30.** കാലിത്തീറ്റയുടെയും മറ്റ് അനുബന്ധ സാധനങ്ങളുടെയും വില കുത്തനെ ഉയർന്നത് പരിഗണിച്ച്, ക്ഷീര സഹകരണ സംഘത്തിൽ നിന്നും കർഷകൻ വാങ്ങിയ കാലിത്തീറ്റയ്ക്ക് 'ക്ഷീരോല്പാദന ഇൻസെന്റീവ്' ആയി സബ്സിഡി നൽകാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ക്ഷീരോല്പാദനം, ഒരു തൊഴിലായും 'ഡയറി സയൻസ്' ഒരു പഠനശാഖയായും എടുക്കുന്നതിന് യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹൈസ്കൂളുകളിൽ 'സ്റ്റുഡന്റ്സ് ഡയറി ക്ലബ്ബുകൾ' സംഘടിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ 50 ഉയർന്ന വൻ സാദ്ധ്യതയുള്ള ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകളെ ആധുനിക സമ്പ്രദായ പാക്കേജുകളെക്കുറിച്ചും വിഭവങ്ങളുടെ ഉറവിടങ്ങളെക്കുറിച്ചും ക്ഷീരോല്പാദക മേഖലയിലെ വിജയ ചരിതങ്ങളെക്കുറിച്ചും ഉള്ള വിവരങ്ങൾ ലഭിക്കത്തക്ക രീതിയിൽ ഡയറി ഇൻഫർമേഷൻ സെന്ററുകളായി പരിവർത്തനം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

**31.** കൂടുതലായി 2,589 ഹെക്ടർ വിസ്തൃതിയുള്ള ഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതും 3,000 അസോള യൂണിറ്റുകൾ ആരംഭിക്കുന്നതുമാണ്. 2011-12-ലെ എം. എസ്. ഡി. പി. (MSDP)-യിൻ കീഴിൽ 2,550 കറവമാടുകളേയും 980 പശുക്കുട്ടികളേയും സംസ്ഥാനത്തിന്റെ കന്നുകാലിസമ്പത്തിലേക്ക് കൂട്ടിച്ചേർക്കുന്നതാണ്. ക്ഷീരോല്പാദനത്തിന്റെ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തത്തക്കവിധം പുതിയ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ (DCS) രജിസ്റ്റർ ചെയ്യുന്നതിനും പ്രവർത്തനം നിലച്ച ക്ഷീര സഹകരണ സംഘങ്ങളെ (DCS) പുനരുജ്ജീവിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ക്ഷീര സംഭരണം

യന്ത്രവൽക്കരിക്കുന്നതിനും ശുചിത്വമുള്ള ക്ഷീര സംഭരണ മുറികളുടെ നിർമ്മാണത്തിനോ ആധുനികവൽക്കരണത്തിനോ വേണ്ടിയും നിലവാരമുള്ള ലാബുകൾ സ്ഥാപിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ക്ഷീരസഹകരണ സംഘങ്ങൾക്ക് (DCS) സഹായം നൽകുന്നതാണ്.

**32.** ഗ്രാമപ്രദേശങ്ങളുടെ ക്ഷേമ-ഐശ്വര്യങ്ങളിൽ മൃഗസംരക്ഷണത്തിന് ശക്തമായ സ്വാധീനമുള്ളതിനാൽ എന്റെ സർക്കാർ അതിന് മുൻഗണന നൽകുന്നു. പാൽ നൽകുന്ന മൃഗങ്ങളുടെ ഉല്പാദന ശേഷി ഉപയോഗപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ തിരഞ്ഞെടുത്ത പശുക്കിടാവുകൾക്ക്, ഒരു പ്രത്യേക പദ്ധതിയായ 'സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം'-ലൂടെ സബ്സിഡി നിരക്കിലുള്ള തീറ്റയും ഇൻഷ്വറൻസും ആരോഗ്യ പരിരക്ഷയും ലഭ്യമാക്കുന്നതാണ്. പാലിന്റെയും മുട്ടയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, ഏകീകൃത സമീപനത്തോടെ സംയോജിത കന്നുകാലി-കോഴി വളർത്തൽ വികസനം, വായ്പാ സഹായ പരിപാടികൾ, വനിതാ കൂട്ടായ്മകൾക്കുള്ള സഹായം എന്നിവ മുഖേന ഭക്ഷ്യ സുരക്ഷാപരിപാടി ഏറ്റെടുക്കുന്നതാണ്. ചാലക്കുടിയിൽ സംയുക്തസംരംഭ അടിസ്ഥാനത്തിൽ ഒരു ഹൈ-ടെക് മാംസ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും ഓപ്പൺ ന്യൂക്ലിയസ് ബ്രീഡിംഗ് സംവിധാനത്തോടുകൂടി ഹൈ-ടെക് ബുൾ മദർ ഡയറി ഫാം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. കേരള ഫീഡ്സ് ലിമിറ്റഡ് ഒരു ആട്ടിൻതീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതാണ്. കുട്ടനാട് പാക്കേജിൻകീഴിൽ ഡെൻസിഫൈഡ് കാലിത്തീറ്റ ബ്ലോക്കുകൾ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതാണ്.

**33.** മനുഷ്യനും മൃഗങ്ങളുമായുള്ള ഏറ്റുമുട്ടൽ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് സംസ്ഥാനത്തെ വനാതിർത്തികളിൽ ജീവിക്കുന്ന കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനായി ശക്തമായ നടപടികൾ എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്. 1972-ലെ വന്യജീവി സംരക്ഷണ ആക്റ്റിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതും അതിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഒരു പരിഹാരം കണ്ടെത്തുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്. ചെക്കുഡാമുകൾ, വെള്ളക്കുഴികൾ എന്നിവ നിർമ്മിക്കുന്നതുവഴി ജലത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചുകൊണ്ടും നാശോന്മുഖമായ വനങ്ങളിൽ ഫലങ്ങളും തീറ്റയും നൽകുന്ന ഇനത്തിലുള്ള ചെടികൾ നട്ടു പിടിപ്പിച്ച് തീറ്റയുടെ ലഭ്യത വർദ്ധിപ്പിച്ചുകൊണ്ടും വന്യജീവികളുടെ സ്വാഭാവിക വാസസ്ഥലം മെച്ചപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സൗരോർജ്ജ വേലികൾ, ജൈവ വേലികൾ, കിടങ്ങുകൾ, മതിലുകൾ എന്നിവ പോലുള്ള പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ട് മനുഷ്യനും മൃഗങ്ങളുമായുള്ള ഏറ്റുമുട്ടലുകൾ കുറയ്ക്കുന്നതിനുള്ള ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. സ്വകാര്യ ഭൂമിയിൽ മരം വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പതിച്ചുകിട്ടിയ വന ഭൂമിയിൽ പട്ടയമുള്ളവർക്ക് അങ്ങനെയുള്ള ഭൂമിയിൽ അവർ വച്ചു പിടിപ്പിച്ച വൃക്ഷങ്ങളുടെ വിളവെടുപ്പിന് അനുവദിക്കുന്നതാണ്.

**34.** 2003-ലെ കേരള കാപ്റ്റീവ് എലിഫന്റ് (മാനേജ്മെന്റ് ആന്റ് മെയിന്റനൻസ്) റൂൾസ് നടപ്പിലാക്കുന്നതിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരും ആന ഉടമകളും നിലവിൽ വളരെയധികം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പ്രസ്തുത ചട്ടങ്ങൾ കൂടുതൽ ഫലപ്രദവും മൃഗങ്ങൾക്ക് പ്രയോജനപ്രദവും ആക്കുന്നതിലേക്കായി, അനുയോജ്യ

മായി ഭേദഗതി ചെയ്ത് ലഘൂകരിക്കുന്നതാണ്. പാപ്പാൻമാർക്ക് ഉചിതമായ പരിശീലനം നൽകിയതിനുശേഷം ലൈസൻസ് നൽകുന്ന സമ്പ്രദായം ആരംഭിക്കുന്നതാണ്. ട്രൈബൽ ഡെവലപ്മെന്റ് വകുപ്പിന്റെ സഹായത്തോടെ വനത്തിനകത്തുള്ള എല്ലാ ട്രൈബൽ കോളനികൾക്കും ഉപജീവനത്തിനുള്ള സഹായം നൽകുന്നതാണ്.

**35.** സംസ്ഥാനത്ത് മലയാളം പ്രഥമ ഭാഷയാക്കുന്നതിന് ശക്തമായ നടപടികൾ എടുക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മലയാളത്തെ ക്ലാസിക്കൽ ഭാഷയായി ഉയർത്തണമെന്നത് ഓരോ കേരളീയന്റെയും ആത്മാർത്ഥമായ ആഗ്രഹമായതുകൊണ്ടും ഇതു സംബന്ധിച്ച ഒരു നിർദ്ദേശം ഭാരതസർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതിനാലും ഇക്കാര്യം ശക്തമായി ആവർത്തിച്ച് ഉന്നയിക്കുന്നതാണ്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് തിരൂരിലെ തുഞ്ചൻപറമ്പിൽ ചുരുങ്ങിയ കാലയളവിനുള്ളിൽ ഒരു മലയാളം സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്.

**36.** ഒൻപതും പത്തും ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിന് ഉച്ചഭക്ഷണ പദ്ധതി വിപുലീകരിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഒരു സ്കീം ആരംഭിക്കുന്നതാണ്. രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ (RMSA) പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യുന്ന തൊണ്ണൂറ്റിആറ് സ്കൂളുകൾ ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വൊക്കേഷണൽ സ്കൂളുകളെ മോഡൽ വൊക്കേഷണൽ സ്കൂളുകളായി മാറ്റുന്നതാണ്. സർക്കാർ സ്കൂളുകളിലെ എട്ടാംതരം വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾ യൂണിഫോം നൽകുന്നതാണ്.

**37.** ഐ. ടി. അറ്റ് സ്കൂൾ പദ്ധതിപ്രകാരം സംസ്ഥാനത്ത് 28,000 സ്റ്റുഡൻറ് സ്കൂൾ ഐ. ടി. കോ-ഓർഡിനേറ്റർമാരെ (SSITC's) നിയോഗിച്ചിട്ടുണ്ട്. എസ്. എസ്. ഐ. ടി. സി. (SSITC) നെറ്റ്‌വർക്ക് ഉപയോഗപ്പെടുത്തി രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ ഐ. സി. ടി. സാക്ഷരതയിൽ പൊതു അവബോധത്തിനുള്ള പരിപാടികൾ ഏറ്റെടുക്കുന്നതാണ്. ഗണിത-ശാസ്ത്ര പഠനം സുഗമമാക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ കൂട്ടായ്മയോടെ 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു വെബ്സൈറ്റ് പോർട്ടൽ തുറക്കുന്നതാണ്.

**38.** സമഗ്ര സ്കൂൾ ഇൻഫർമേഷൻ മാനേജ്മെന്റ് പദ്ധതിയായ 'സമ്പൂർണ്ണ' (SAMPOORNA) ഈ സാമ്പത്തിക വർഷം എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ബി.എസ്. എൻ. എൽ. (BSNL)-ന്റെ സഹകരണത്തോടെ ഐ.ടി. അറ്റ് സ്കൂൾ പദ്ധതി, സ്കൂളുകൾക്കും ഓഫീസുകൾക്കുമായുള്ള ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി വഴി അതിവേഗ വെർച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് (VPN) ലഭ്യമാക്കുന്നതാണ്.

**39.** കഴിഞ്ഞ വർഷത്തെപ്പോലെ സ്വാശ്രയ കോളേജുകളിൽ പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച അനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്. സാമൂഹ്യനീതിയെന്ന ആശയം ഉറപ്പുവരുത്തിക്കൊണ്ട് ഈ പ്രശ്നത്തിൽ ഒരു ശാശ്വത പരിഹാരം കാണുന്നതിന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വയനാട്, കാസറഗോഡ്, കണ്ണൂർ എന്നീ ജില്ലകളെ ഉൾപ്പെടുത്തി കണ്ണൂരിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ

ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള അക്കാദമിക സൗകര്യങ്ങൾ ഇല്ലാത്ത, സംസ്ഥാനത്തെ മേഖലകളിൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഒരു ഗവേഷണ പാർക്കും ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നതാണ്. എല്ലാ പോളിടെക്നിക് കോളേജുകളിലും ഫിനിഷിംങ് സ്കൂളുകൾ ആരംഭിക്കുന്നതാണ്.

**40.** വയനാട്ടിലെ ചെതലയത്ത് ഒരു ആദിവാസി പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതാണ്. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഉന്നത വിദ്യാഭ്യാസത്തിൽ സമഗ്രമായ ഒരു ഡാറ്റാബാങ്ക് ഉണ്ടാക്കുവാനും ബിരുദാനന്തരബിരുദ വിദ്യാഭ്യാസത്തിനും അദ്ധ്യാപക വിദ്യാഭ്യാസത്തിനും വേണ്ടി ഒരു പുതിയ പാഠ്യപദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും ഉദ്ദേശിക്കുന്നു. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് ലോകമെമ്പാടുമുള്ള മലയാളികളുടെ സമകാലീന ജീവിതവുമായി ബന്ധപ്പെട്ട ഒരു ഇന്റർനെറ്റ് വിവരശേഖരം ഉണ്ടാക്കുന്നതിനും പരിപാലിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് 'കേരള കണ്ടംപെററി ഹിസ്റ്ററി ആർക്കൈവ്സ്' സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**41.** ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും വേണ്ടി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. മെഡിക്കൽ കോളേജുകളിൽ ഡയബറ്റീസ് ചികിത്സയ്ക്കുവേണ്ടി ലഭ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും ജില്ലാ ആശുപത്രികളിൽ പുതിയ ഡയാലിസിസ്

സെന്ററുകൾ ആരംഭിക്കുന്നതുമാണ്. ക്യാൻസറിന് എതിരായ മരുന്നുകൾ കുറഞ്ഞവിലയിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ജീവൻരക്ഷാ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നതും സപ്ലൈകോയും നീതി സ്റ്റോറുകളും വഴി ന്യായവിലയിൽ വിതരണം ചെയ്യുന്നതുമാണ്. മാതൃ-ശിശു ആരോഗ്യത്തിന് ഊന്നൽ നൽകുന്നതിനുവേണ്ടി മാതൃ-ശിശു ആശുപത്രികൾ, ഇത്തരം സൗകര്യങ്ങളില്ലാത്ത ജില്ലകളിൽ ആരംഭിക്കുന്നതാണ്. ഒരു ഹോമിയോപതിക് ക്യാൻസർ പാലിയേറ്റീവ് കെയർ ആശുപത്രി മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സ്ഥാപിക്കുന്നതാണ്.

**42.** എന്റെ സർക്കാർ ചികുൻ ഗുനിയ, ഡങ്കിപ്പനി എന്നീ രോഗങ്ങളുടെ നിവാരണത്തിനായി ദേശീയ ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുന്നതാണ്. സംസ്ഥാനത്ത് സാംക്രമികമല്ലാത്ത രോഗങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നുള്ളത് ഉത്കണ്ഠാജനകമായ കാര്യമായതിനാൽ ഓങ്കോളജി, കാർഡിയോ വാസ്ക്കുലർ കെയർ, ജെറിയാട്രിക് കെയർ എന്നീ വിഭാഗങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് സാംക്രമികമല്ലാത്ത രോഗങ്ങളുടെ വർദ്ധനയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി തിരുവനന്തപുരത്തെയും കോഴിക്കോട്ടെയും കോട്ടയത്തെയും മെഡിക്കൽ കോളേജുകളിൽ ന്യൂറോ സർജറിയിലും കാർഡിയോ തൊറാസിക് ആന്റ് വാസ്ക്കുലർ സർജറിയിലും ഒരു പഞ്ചവത്സര സംയോജിത സൂപ്പർ സ്പെഷ്യാലിറ്റി എം. സി. എച്ച്. (M.Ch) കോഴ്സ് ആരംഭിക്കുന്നതാണ്. കേന്ദ്ര സഹായത്തോടുകൂടി, തിരുവനന്തപുരം മെഡിക്കൽ കോളേജിലും തിരുവനന്തപുരത്തും തൃപ്പൂണിത്തുറയിലുമുള്ള ഗവൺമെന്റ് ആയുർവേദ കോളേജുകളിലും ജെറിയാട്രിക് കെയർ വാർഡുകൾ സ്ഥാപിക്കുന്നതാണ്.

**43.** കോട്ടയം മെഡിക്കൽ കോളേജ് സമീപ ജില്ലകൾക്കു വേണ്ടിയുള്ള ഒരു പ്രധാനപ്പെട്ട തൃതീയ ആരോഗ്യ സംരക്ഷണ കേന്ദ്രമാണ്. ഇതിനുപുറമെ ഇത് ശബരിമല തീർത്ഥാടകരുടെ ആരോഗ്യ സംരക്ഷണ ആവശ്യങ്ങളും നിറവേറ്റിവരുന്നു. ഇതു കണക്കിലെടുത്ത് കോട്ടയം മെഡിക്കൽ കോളേജിൽ ഒരു പുതിയ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

**44.** 2010-ലെ വെറ്റ്ലാൻഡ്സ് (കൺസർവേഷൻ മാനേജ്മെന്റ്) ചട്ടങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമവും ഉചിതവുമായ ഏകോപനത്തിനായി പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും ഡയറക്ടറേറ്റിനെ നോഡൽ വകുപ്പ് ആക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതം പ്രത്യേകിച്ചും; പ്രകൃതിവിഭവങ്ങളിൻമേലുള്ളത് കൈകാര്യം ചെയ്യുന്നതിനായിട്ടുള്ള കർമ്മപദ്ധതി അന്തിമമാക്കുന്നതാണ്. ഒരു സംസ്ഥാനതല എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയും എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്, സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും രാജ്യത്ത് ഇത്തരത്തിൽ ആദ്യത്തേതായ പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ ആസ്പദമാക്കി വിപുലമായൊരു സംസ്ഥാനതല ബോധവൽക്കരണ പരിശീലന പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**45.** എന്റെ സർക്കാർ, സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ സുസ്ഥിരമായ വികസനത്തിനും, പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ

വിഭാഗം വരുമാനക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിനുമായി ഒരു പാർപ്പിടനയം ആവിഷ്ക്കരിക്കുന്നതാണ്. നിർമ്മാണ വ്യവസായത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി പൊതു, സ്വകാര്യ, സഹകരണ മേഖലകളുടെ ശക്തമായ പങ്കാളിത്തത്തിന് രൂപം നൽകുന്നതാണ്. ഈ മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപങ്ങളും പ്രവാസി ഇന്ത്യാക്കാരുടെ നിക്ഷേപങ്ങളും പ്രോത്സാഹിപ്പിക്കുന്നതാണ്. എന്റെ സർക്കാർ, എല്ലാ കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ആദായകരമായ നിരക്കിലുള്ള ലഭ്യത ഉറപ്പാക്കുന്നതിനായി, കെട്ടിട നിർമ്മാണ സാമഗ്രികൾക്കായുള്ള മാർജിൻ ഫ്രീ സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ മേഖലയിലെ നിലവിലുള്ള വെല്ലുവിളികളും ആവശ്യകതകളും നേരിടുന്നതിനായി 1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്റ്റിൽ ഉചിതമായ ഭേദഗതികൾ കൊണ്ടുവരുന്നതാണ്.

**46.** പാർപ്പിട മേഖലയിലെ ലക്ഷ്യം കൈവരിക്കുന്നതിനായി എന്റെ സർക്കാർ 'കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ' എന്ന പേരിൽ ഒരു ഭവന ധനകാര്യ സ്ഥാപനം സ്ഥാപിക്കുന്നതും ആയത് വിവിധ പാർപ്പിട പദ്ധതികൾക്കായി ധനം സ്വരൂപിക്കുന്നതുമാണ്.

**47.** ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ നിലവിൽ ലഭ്യമായിട്ടുള്ള വികസന വിനിമയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഒരു സംയോജിത വികസന വിനിമയ ഗ്രിഡ് രൂപീകരിക്കുകയും അതു മുഖേന

താഴെത്തട്ടിൽ നിന്നുള്ള വികസന വാർത്തകൾ ശേഖരിച്ച് ബഹുജന മാദ്ധ്യമങ്ങൾക്ക് വിതരണം ചെയ്യുന്നതുമാണ്. വിവരസാങ്കേതികവിദ്യാധിഷ്ഠിത പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. സർക്കാരിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പ്രതികരണങ്ങൾ ശേഖരിക്കുന്നതിനും നടപടികൾക്കുമായി ഒരു വിവരസാങ്കേതിക വിദ്യാധിഷ്ഠിത ഫീഡ് ബാക്ക് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

**48.** ആഡിറ്റിംഗ് സമയത്ത് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. ട്രഷറി വകുപ്പിലെ മനുഷ്യവിഭവ ശേഷി വികസിപ്പിക്കുന്നതിനായി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പെൻഷൻ ട്രഷറികൾ കഴിയുന്നിടത്തോളം താഴത്തെ നിലയിൽ പ്രവർത്തിപ്പിക്കുന്നതാണ്.

**49.** മുമ്പ് ആഴ്ചയിൽ ഏഴുദിവസം നടത്തിയിരുന്ന ഭാഗ്യക്കുറി നറുക്കെടുപ്പ് ഇപ്പോൾ ആഴ്ചയിൽ ഒന്നായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ലോട്ടറി തൊഴിലാളികളും ഏജന്റുമാരും മറ്റുള്ളവരും ദിവസേനയുള്ള നറുക്കെടുപ്പ് പുനഃസ്ഥാപിക്കുന്നതിനും കുടിശ്ശികയായിത്തീർന്ന ക്ഷേമാശ്വാസം വിതരണം ചെയ്യുന്നതിനും ആവശ്യപ്പെട്ടുവരികയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്റെ സർക്കാർ താമസിയാതെ സമഗ്രവും പ്രായോഗികവുമായമായ ഒരു പദ്ധതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. യാതൊരു സാഹചര്യത്തിലും നമ്മുടെ ജനതയെ ലോട്ടറി മാഫിയ കൊള്ളയടിക്കുന്നത് അനുവദിക്കുന്നതല്ല.

**50.** തൊഴിൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ടും സംഘടിതവും അസംഘടിതവുമായ മേഖലകളിലെ തൊഴിലാളികൾക്ക് കൂടുതൽ സാമൂഹ്യ സുരക്ഷിതത്വപദ്ധതികൾ ഏർപ്പെടുത്തിക്കൊണ്ടും തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ തൊഴിലാളികളെ എന്നപോലെതന്നെ തൊഴിലുടമകളെയും സമൂഹത്തിന്റെ വിവിധ മേഖലകളിലെ ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് സമഗ്രമായ ഒരു തൊഴിൽനയം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 137 ഇ. എസ്. ഐ. (ESI) ഡിസ്പെൻസറികളുടെയും 9 ഇ. എസ്. ഐ. ആശുപത്രികളുടെയും ഇപ്പോഴത്തെ അവസ്ഥ ഇ. എസ്. ഐ (ESI) മെഡിക്കൽ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്ന തൊഴിലാളികളുടെ വിശാലതാൽപ്പര്യത്തിന് ഉതകുന്ന തരത്തിലുള്ളതായി കാണുന്നില്ല. എന്റെ സർക്കാർ, ഭാരത സർക്കാരുമായി കൂടിയാലോചിച്ചും സംസ്ഥാന കേന്ദ്ര മേഖലകളിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധത പ്രയോജനപ്പെടുത്തിക്കൊണ്ടും ഇ. എസ്. ഐ. ആശുപത്രികളെയും ഡിസ്പെൻസറികളെയും നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**51.** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ആളുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് എന്റെ സർക്കാർ സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവാക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി തൊഴിൽ വൈദഗ്ദ്ധ്യ വികസനവും പുനഃപരിശീലനവും നൽകുവാൻ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ ലേബർ കമ്മീഷണറേറ്റിനെ പുനഃസംഘടിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

തൊഴിൽ നിയമങ്ങളുടെ ശരിയായ നടത്തിപ്പിനും അനാരോഗ്യകരമായ പ്രവണതകൾ ഒഴിവാക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നോക്കുകൂലി എന്ന സമ്പ്രദായത്തെ എല്ലാ രാഷ്ട്രീയ കക്ഷികളും തൊഴിലാളി സംഘടനകളും ശക്തമായി എതിർക്കുന്നുണ്ടെങ്കിലും നിയമവിരുദ്ധമായ ഈ സമ്പ്രദായം സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്നു. നിയമവിരുദ്ധമായ ഈ സമ്പ്രദായം അവസാനിപ്പിക്കുമെന്ന് എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മിന്നൽ പണിമുടക്കുകളും അതുപോലെയുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ഒരു സംവിധാനത്തിന് രൂപം നൽകുന്നതാണ്. ഒരു രജിസ്ട്രേഷൻ സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് അന്യ സംസ്ഥാന തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അവർക്കെതിരെയുള്ള ചൂഷണം ഒഴിവാക്കുന്നതിനും കൂടി ഉദ്ദേശിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പ്രധാന മേഖലകളിൽ ന്യായവേതന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

**52.** ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആർ. എസ്. ബി. വൈ. (RSBY)-യും സി. എച്ച്. ഐ. എസ്. (CHIS)-ഉം വിജയകരമായി നടപ്പിലാക്കിയതിന്റെ തുടർച്ചയായി ആർ. എസ്. ബി. വൈ. (RSBY)-യുടെയും സി. എച്ച്. ഐ. എസ്. (CHIS)-ന്റെയും കീഴിൽ വരുന്ന 35 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തി അർബുദം, വൃക്കരോഗം, ഹൃദ്രോഗം എന്നിവയുടെ ചികിത്സക്കായി അധിക വൈദ്യചികിൽസാ സഹായമായി 70,000 രൂപ വരെ നൽകുന്ന 'സി. എച്ച്. ഐ. എസ്. പ്ലസ്' (CHIS PLUS) എന്ന പുതിയ സംസ്ഥാന പദ്ധതി ആരംഭിക്കുന്നതാണ്.

**53.** തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങി വരുന്ന പ്രവാസി കേരളീയർക്ക് (NRKs) വിദ്യാഭ്യാസത്തിനും വിവാഹത്തിനുമുള്ള സഹായം, പ്രസവാനുകൂല്യങ്ങൾ, മരണാനന്തര കർമ്മങ്ങൾ നടത്താനുള്ള സഹായം എന്നിങ്ങനെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി ഒരു പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. 2011-2012 വർഷത്തിൽ ആം ആദ്മി ബീമാ യോജനയുടെ കീഴിൽ ഏകദേശം 2 ലക്ഷം ഗുണഭോക്താക്കളെ കൊണ്ടുവരുന്നതാണ്.

**54.** നോർക്ക (NORKA) വകുപ്പിന്റെ എല്ലാ ഏജൻസികളെയും ഒരുമിച്ചു കൊണ്ടുവരുന്ന നോർക്ക സെന്റർ ഈ വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്. പ്രവാസി കേരളീയരുടെ സൗകര്യാർത്ഥം നോർക്ക (NORKA) യുടെ എല്ലാ സേവനങ്ങളും ഒരു കൂരയ്ക്കുകീഴിൽ കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു പ്രധാന നടപടിയാണിത്. പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി കാൾസെന്ററും ഹെൽപ്പ്ലൈനും ഉൾപ്പെടെയുള്ള ഒരു എൻ. ആർ.ഐ. ബിസിനസ്സ് സെന്ററും ഈ കെട്ടിടത്തിൽ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു.

**55.** സുരക്ഷിതമായി കുടിയേറ്റം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിദേശത്ത് മെച്ചപ്പെട്ട തൊഴിലുകൾ ഉറപ്പാക്കുന്നതിനുമായി സമീപകാലത്ത് സ്ഥാപിച്ച ജോബ് പോർട്ടലിനെ നോർക്ക-റൂട്ട്സ് (NORKA- ROOTS) ശക്തിപ്പെടുത്തുന്നതാണ്. നിയമവിരുദ്ധ കുടിയേറ്റത്തിനെതിരെ നോർക്ക-റൂട്ട്സ് നടത്തികൊണ്ടിരിക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും വിപുലീകരിക്കുന്നതാണ്. നൂതനമായ പരിശീലന സൗകര്യങ്ങൾക്കൊപ്പം വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് അനുയോജ്യമായതുമായ

പുതിയ കോഴ്സുകളോടെ വൈദഗ്ദ്ധ്യ വികസനവും പരിശീലന പരിപാടിയും വിപുലീകരിക്കുന്നതാണ്.

**56.** എന്റെ സർക്കാർ, ഭൂരഹിത ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള പ്രക്രിയ പൂർത്തിയാക്കുന്നതിനും അതുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിലാക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്. പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കൽ പരമാവധി പ്രയോജനം ഉറപ്പുവരുത്തുന്നതിനായി സൂക്ഷ്മനിരീക്ഷണം നടത്തുന്നതാണ്. പ്രാചീന ഗോത്രവർഗ്ഗ ജനതയുടെ ഉപജീവനത്തിനുള്ള സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനായി സംയോജിത വികസന പദ്ധതി നടപ്പിലാക്കുന്നതാണ്. സ്വയംപര്യാപ്തയും സമ്പൂർണ്ണ വിനിമയ ബന്ധവും കൈവരിക്കുന്നതിനായി ആവശ്യാധിഷ്ഠിത സാമൂഹിക-സാമ്പത്തിക വികസന പദ്ധതി ഗോത്രവർഗ്ഗ കോളനികളിൽ ഏറ്റെടുത്തു നടപ്പിലാക്കുന്നതാണ്. ഗോത്രവർഗ്ഗ ജനതയുടെ ഭൂമിസംബന്ധമായ എല്ലാ തർക്കങ്ങളും ഈ വർഷം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതാണ്. പട്ടികജാതികൾക്കും പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും ആരോഗ്യ പരിരക്ഷ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതി ആരോഗ്യവകുപ്പുമായി കൂടിയാലോചിച്ച് കാര്യക്ഷമമാക്കുന്നതിന് മുൻഗണന നൽകുന്നതാണ്. 1989-ലെ പട്ടികജാതി-പട്ടികഗോത്രവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ആക്റ്റിൻ കീഴിൽ കുറ്റവാളികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി കൂടുതൽ പ്രദേശങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതാണ്.

**57.** സമീപകാലത്തു നടത്തിയ എസ്. എസ്. എൽ. സി. പരീക്ഷയിൽ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രോത്സാഹനജനകമായ ഫലമാണ് നൽകിയത്. നിലവിൽ

അവസരങ്ങൾ ഉള്ള ട്രേഡുകളിലെ വൈദഗ്ദ്ധ്യവികസനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ പദ്ധതിക്ക് ഊന്നൽ നൽകുന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വൈദഗ്ദ്ധ്യവികസനത്തിന് വേണ്ടിയുള്ള കേന്ദ്രങ്ങൾ സർക്കാർ സ്ഥാപിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പൻഡ് വർദ്ധിപ്പിക്കുന്നതാണ്. അട്ടപ്പാടിയിൽ ഗോത്രവർഗ്ഗത്തിൽപ്പെട്ട യുവാക്കൾക്കും പാലക്കാട്ട്, വടക്കഞ്ചേരിയിലും പട്ടികജാതിയിൽപ്പെട്ട യുവാക്കൾക്കും തൊഴിൽ വൈദഗ്ദ്ധ്യം നൽകുന്നതിനായി സർക്കാർ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷന്റെ സാങ്കേതിക സഹായത്തോടെ കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിവരുന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ എല്ലാ പട്ടികജാതി കോളനികളിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിനായുള്ള പരിപാടികൾ ഏറ്റെടുത്തു നടത്തുന്നതാണ്. പൂർത്തിയാകാതെ കിടക്കുന്ന എല്ലാ വീടുകളും ഈ വർഷം പൂർത്തിയാക്കുന്നതാണ്.

**58.** എന്റെ സർക്കാർ, വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലും വിദ്യുച്ഛക്തിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിലും ഉയർന്ന നിലവാരത്തിലുള്ള വൈദ്യുതി വിതരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി ചെറുകിട-മൈക്രോ ഹൈഡൽ പ്രോജക്റ്റുകളും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്രോതസ്സുകളും പ്രോത്സാഹിപ്പിക്കുന്നതാണ്. 2011 മാർച്ച് വരെ തീർപ്പാകാതെ കിടക്കുന്ന വൈദ്യുതീകരണത്തിനുവേണ്ടിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതാണ്. കേരള സർക്കാരിന്റെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും എനർജി ആഡിറ്റ് നടത്തുന്നതാണ്.

എനർജി കൺസർവേഷൻ ക്ലബ്ബുകൾ മുഖേന എല്ലാ ഹൈസ്ക്കൂളുകളിലും "എനർജി സ്മാർട്ട് സ്കൂൾ" എന്ന ആശയം നടപ്പിലാക്കുന്നതാണ്.

**59.** പുതിയ ഐ. ടി. പ്രോജക്റ്റുകളുടെ പ്രത്യേകിച്ചും; സ്മാർട്ട്സിറ്റി പദ്ധതിപോലെയുള്ളവയുടെ വികസനം കണക്കിലെടുക്കുമ്പോൾ, സീപോർട്ട്-എയർപോർട്ട് റോഡിന്റെ രണ്ടാം ഘട്ടനിർമ്മാണം ഇപ്പോഴത്തെ ഒരു അടിയന്തിര ആവശ്യമാണ്. പദ്ധതിയെ സംബന്ധിച്ച് ഇതിനകംതന്നെ, വിശദമായ പഠനം നടത്തുകയും റോഡിന്റെ അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എൻ. എച്ച്.-17 (NH 17)-ഉം എൻ. എച്ച്.-47 (NH 47)-ഉം എൻ. എച്ച്. ഡി. പി. (NHDP) രണ്ടും മൂന്നും ഘട്ടത്തിൻകീഴിൽ 4/6 വരി പാതയായി വീതികൂട്ടുന്നതിനുവേണ്ടി ഇതിനോടകംതന്നെ എൻ. എച്ച്. എ. ഐ. (NHAI)-യ്ക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽമൂലം സങ്കടം അനുഭവിക്കുന്ന ആളുകളുടെ പരാതികൾക്ക് അർഹമായ പരിഗണന നൽകിയതിനു ശേഷം പ്രസ്തുത ആവശ്യത്തിന് വേണ്ടിവരുന്ന ഭൂമി ഏറ്റെടുക്കൽ നടപടി പുനരാരംഭിക്കുന്നതാണ്. കൊല്ലത്തെയും ആലപ്പുഴയിലെയും ബൈപ്പാസുകൾ സുഗമമായി പൂർത്തീകരിക്കുന്നതിനുവേണ്ടി, അതിന്റെ പണികൾ എൻ. എച്ച്. എ. ഐ. (NHAI)-ൽ നിന്നും വേർപെടുത്തി, ഭാരതസർക്കാരിന്റെ പ്രത്യേക പാക്കേജിൻകീഴിൽ, സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്. ശബരിമലയിലേക്കുള്ള പ്രധാന റോഡുകളുടെ പണി ബി. എം. (BM)-ഉം ബി. സി. (BC)-ഉം നിലവാരത്തിലേക്ക് ഉയർത്തുന്നതിന് മുൻഗണന നൽകുന്നതാണ്.

**60.** ഡി. ബി. എഫ്. ഒ. റ്റി.-യിൻ കീഴിൽ എൻ. എച്ച്. 49 (NH 49), എൻ. എച്ച്. 208 (NH 208), എൻ. എച്ച്. 212 (NH 212), എൻ. എച്ച്. 213 (NH 213), എൻ. എച്ച്. 220 (NH 220) എന്നീ ദേശീയപാതകളെ പൊതു-സ്വകാര്യ പങ്കാളിത്തം മുഖേന പേവ്ഡ് ഷോൾഡേഴ്സോടുകൂടിയ രണ്ടുവരിപാതയായി വികസിപ്പിക്കുന്നതിനുവേണ്ടി, എൻ. എച്ച്. ഡി. പി. (NHDP) IV-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അതിനുവേണ്ടി അനുയോജ്യരായ കൺസഷനർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. എൻ. എച്ച്. 47 (NH 47)-ന്റെ കരമന-കളിയിക്കാവിള ഭാഗം നാലുവരിപാതയാക്കൽ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കുന്നതാണ്.

**61.** കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന് വീതിച്ച് നൽകിയിട്ടുള്ള അൻപത്തിരണ്ട് റെയിൽവേ മേൽപാലങ്ങളിൽ ഇരുപത് എണ്ണം ഗതാഗതത്തിനായി തുറന്ന് കൊടുത്തിട്ടുണ്ട്. പതിമൂന്ന് മേൽപ്പാലങ്ങളിലെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നതും, 2011-12, 2012-13 കാലയളവുകളിൽ പൂർത്തീകരിക്കുകയും ഗതാഗതത്തിന് തുറന്നുകൊടുക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. കെ. എസ്. റ്റി. പി. (KSTP)-യുടെ കീഴിൽ 367 കിലോമീറ്റർ റോഡുകളുടെ നിലവാരം ഉയർത്തൽ ഉൾപ്പെടുന്ന പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. നിലവാരം ഉയർത്തലിനും പരിപാലനത്തിനും വേണ്ടി ഏറ്റെടുക്കേണ്ട റോഡുകളെ കണ്ടെത്തുന്നതിനായി ഒരു സമഗ്രമായ പഠനം നടത്തുന്നതിനുവേണ്ടി ലോകബാങ്കിൽ നിന്നുമുള്ള സാങ്കേതിക സഹായ വായ്പ ഉപയോഗപ്പെടുത്തുന്നതിനും കൂടി കെ. എസ്. റ്റി. പി. (KSTP) ഉദ്ദേശിക്കുന്നു.

**62.** കേരള സർക്കാർ 35-ാമത് ദേശീയ ഗെയിംസിന് ആതിഥേയത്വം വഹിക്കുന്നതിനുള്ള തയ്യാറെടുപ്പ് പ്രക്രിയയിലാണ്. ഗെയിംസിലെ ഇനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഏഴു ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന വിവിധ വേദികളിൽ നടത്തുന്നതാണ്. നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണവും നിലവാരം ഉയർത്തലും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും പുരോഗതിയിലാണ്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ രൂപത്തിലുള്ള പുതിയ കായിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണമായിരിക്കും ഗെയിംസിന്റെ പ്രധാന നേട്ടം. കായികതാരങ്ങളെയും ടീം ഒഫിഷ്യൽസിനെയും പാർപ്പിക്കുന്നതിന് സ്വകാര്യ പങ്കാളിത്തത്തോടെയുള്ള തിരുവനന്തപുരത്തെ ഗെയിംസ് വില്ലേജിന്റെ നിർമ്മാണം ഒരു ചരിത്രപ്രധാന വികസനമായിരിക്കുന്നതാണ്.

**63.** എന്റെ സർക്കാർ, വിദ്യാർത്ഥികളെ വളരെ ചെറുപ്രായത്തിൽ നീന്തൽ പരിശീലിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടികൾ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നീന്തൽകുളങ്ങളുടെ നിർമ്മാണം അത്തരം സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഏറ്റെടുക്കുന്നതാണ്. സാമർത്ഥ്യമുള്ള കളിക്കാരെ കണ്ടെത്തുന്നതിനും അവരെ തികച്ചും ലോകോത്തര കളിക്കാരായി സജ്ജരാക്കുന്നതിനും ശാസ്ത്രീയ പരിശീലനം നൽകുന്നതിനുമുള്ള ഉദ്ദേശ്യത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, അത്‌ലറ്റിക്സും നീന്തലും വോളീബാളും ബാസ്ക്കറ്റുബാളും പോലുള്ള ഇനങ്ങൾക്ക് വേണ്ടി സെന്റർ ഫോർ എക്സലൻസ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്നതിന് കായിക താരങ്ങളെ സഹായിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്നു.

**64.** യുവജനങ്ങൾക്ക് അപ്ഡേറ്റ് ചെയ്ത വിവരം നൽകി സഹായിക്കുന്നതിന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 'യൂത്ത് ഇൻഫർമേഷൻ ആന്റ് അസിസ്റ്റൻസ് സെന്റർ' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ബോർഡ്, അക്കാദമിക് വർഷത്തിൽ നാലു ഘട്ടങ്ങളിലായി ബോധവൽക്കരണ പരിപാടികളും ശാക്തീകരണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും ഉൾപ്പെടുന്ന 'ഗുഡ് സിറ്റിസൺ ട്രെയിനിംഗ് പ്രോഗാം' ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

**65.** മോട്ടോർ വാഹന വകുപ്പിൽ ഇലക്ട്രോണിക് പേയ്മെന്റ് സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു; അതുകൊണ്ട് നികുതികളും ഫീസുകളും തീരുവയും മറ്റ് ചാർജ്ജുകളും പൗരൻമാർക്ക് ഓൺലൈനായി അടയ്ക്കാൻ കഴിയുന്നതാണ്. ഇത് ഉപഭോക്താവിന് സൗകര്യമായിരിക്കുന്നതും ആഫീസുകളിൽ ജോലി ഭാരം കുറയ്ക്കുന്നതുമാണ്. ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതാണ്. പൈലറ്റ് പദ്ധതികളായി കണ്ണൂരും കോഴിക്കോടും ഡ്രൈവർ ടെസ്റ്റിംഗ് യാർഡുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുള്ളതും ആയത് ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതുമാണ്. ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിൽ ഒരു എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതാണ്.

**66.** വാഹനങ്ങളുടെ അമിതവേഗംമൂലമുള്ള റോഡപകടങ്ങൾ തടയുന്നതിനായി കുറഞ്ഞത് ആറ് ഹാന്റ് ഹെൽഡ് റഡാറുകൾ വിന്യസിക്കുന്നതാണ്. പൈലറ്റ് പ്രോജക്ടായ 'റഡാർ സർവെയ്ലൻസ് സിസ്റ്റം' നടപ്പു സാമ്പത്തികവർഷം അഞ്ചു ജില്ലകളിൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. പരിശീലകർക്കും ഡ്രൈവർമാർക്കും തൊഴിൽപരമായ പരിശീലനം നൽകുന്നതിനും ഡ്രൈവിംഗ് ശീലങ്ങളിലും സാങ്കേതിക വശങ്ങളിലും ഗവേഷണം നടത്തുന്നതിനുമായി ഒരു ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച്

ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. ഒരു 'റോഡ് സേഫ്റ്റി വിംഗ്' കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വാഹനങ്ങളുടെ യാന്ത്രിക സ്ഥിതി ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പിൻകീഴിൽ വാഹന ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

**67.** എന്റെ സർക്കാരിന്, പ്രതിമാസം 40 കോടി രൂപയിലേറെ നഷ്ടം നേരിട്ടുകൊണ്ടിരിക്കുന്ന കെ. എസ്. ആർ. റ്റി. സി.-യുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഉത്ക്കണ്ഠയുണ്ട്. നടപ്പു സാമ്പത്തിക വർഷം കെ. എസ്. ആർ. ടി. സി. 1000 പുതിയ ബസുകൾ നിരത്തിലിറക്കുന്നതും അവയെ പുതിയ മേഖലകളിൽ പ്രവർത്തിപ്പിക്കുന്നതുമാണ്. ജൻഡർ സെൻസിറ്റീവ് പദ്ധതിയുടെ ഭാഗമായി വനിതകൾക്കുവേണ്ടി ബസ്സ്റ്റേഷനുകളിൽ പ്രത്യേകം വിശ്രമസ്ഥലവും, ടോയ്‌ലറ്റ് ബ്ലോക്കുകളും, കുടിവെള്ള സൗകര്യങ്ങളും പോലുള്ള പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. കെ. എസ്. ആർ. ടി. സി.-യിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതി നടപ്പു സാമ്പത്തിക വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനിൽ (ETM) നിന്നും ഓൺലൈനായി ഡാറ്റകൾ ഡിപ്പോകളിലെ കമ്പ്യൂട്ടറിലേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുന്നതാണ്.

**68.** ജലഗതാഗത വകുപ്പിൻകീഴിൽ, ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വൈക്കത്തെയും, പാണവള്ളിയിലെയും, മുഹമ്മയിലെയും സ്റ്റേഷൻ ആഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതാണ്. കൊല്ലത്തും കോട്ടയത്തും എറണാകുളത്തും പുതിയ സ്റ്റേഷൻ ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

**69.** നബാർഡിന്റെയും എൻ. ആർ. ഡി. ഡബ്ല്യൂ. പി. (NRDWP)-യുടെയും സംസ്ഥാന പ്ലാൻ സ്കീമുകളുടെയും കീഴിലുള്ള 42 വൻകിട ജലവിതരണ പദ്ധതികൾ 2011-12 കാലയളവിൽ പൂർത്തീകരിക്കുന്നതാണ്. അഞ്ചു ജെ. ബി. ഐ. സി. (JBIC) സ്കീമുകളിൽ രണ്ടു സ്കീമുകൾ, അതായത്, 17.24 ലക്ഷം ജനങ്ങൾക്കു പ്രയോജനം ലഭിക്കുന്ന തിരുവനന്തപുരവും ചേർത്തലയും 2012 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതിനും പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കേരള ജല അതോറിറ്റി അതിന്റെ സ്വന്തം വൈഡ് ഏരിയ നെറ്റ്‌വർക്ക് സ്ഥാപിക്കുകയും സമ്പൂർണ്ണ എം.ഐ.എസും (MIS) കേന്ദ്രീകൃത ബില്ലിംഗ് ആന്റ് കളക്റ്റിംഗ് സിസ്റ്റവും പരാതി പരിഹാര സിസ്റ്റവും, പ്രോജക്റ്റ് മോണിറ്ററിംഗ് സിസ്റ്റവും നടപ്പാക്കുകയും ചെയ്യുന്നതാണ്. 1,200 കോടി രൂപയുടെ ലോകബാങ്ക് സഹായത്തോടെയുള്ള 2-ാം ജലനിധി പ്രോജക്റ്റ് 2011-12 കാലയളവിൽ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലുമായി വ്യാപിച്ചുകിടക്കുന്ന കുറഞ്ഞത് 250 പഞ്ചായത്തുകളെ അടുത്ത അഞ്ചു വർഷങ്ങളിൽ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്.

**70.** എന്റെ സർക്കാർ, അയൽ സംസ്ഥാനങ്ങളുമായി സൗഹൃദബന്ധങ്ങൾ നിലനിർത്തുമ്പോഴും സംസ്ഥാനത്തിന്റെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമാണ്. ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവന് നേരിട്ടു ഭീഷണി ഉയർത്തുന്നതുകൊണ്ട് സംസ്ഥാനത്തിന് വലിയ ഉത്ക്കണ്ഠയ്ക്ക് കാരണമായി തുടരുന്നു. ജനങ്ങളുടെ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യാൻ കഴിയില്ലായെന്നും പുതിയ ഒരു ഡാമിന്റെ നിർമ്മാണമാണ് ഏക പരിഹാരമെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ബഹു. സുപ്രീംകോടതി മുമ്പാകെയാണ്. പുതിയ ഒരു ഡാമിനുള്ള സർവ്വേയും സാദ്ധ്യതാ പഠനങ്ങളും പൂർത്തിയാക്കിയിട്ടുള്ളതും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിനു അന്തിമരൂപം നൽകിവരുന്നതുമാണ്.

**71.** കുട്ടനാട് പ്രോജക്റ്റ് നടപ്പിലാക്കൽ അതിവേഗത്തിലാക്കുന്നതാണ്. തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും ആധുനികവൽക്കരണം/നവീകരണത്തിനുള്ള ഡി.പി.ആർ. (DPR) തയ്യാറാക്കുന്നതും ഭാരതസർക്കാരിൽ നിന്നും ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസിനായി ഈ വർഷം അപേക്ഷിക്കുന്നതുമാണ്.

**72.** കൊച്ചിയിലെ സീപോർട്ട്-എയർപോർട്ട് ജലപാതയുടെ നിർമ്മാണം 18 മാസങ്ങൾക്കുള്ളിൽ പൂർത്തിയാക്കുന്നതാണ്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത തിരുവനന്തപുരത്തേക്കും കാസറഗോഡിലേക്കും ദീർഘിപ്പിക്കുന്ന കാര്യം ഭാരത സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**73.** എന്റെ സർക്കാർ, സാംസ്ക്കാരിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് രാഷ്ട്രീയത്തിനതീതമായി അവയ്ക്ക് അവയുടെ ലക്ഷ്യങ്ങളിൽ കേന്ദ്രീകരിക്കുവാൻ കഴിയുന്നതാണ്. പുരാവസ്തു വകുപ്പ് ആരംഭിച്ച ഡിജിറ്റൈസേഷന്റെ ഒന്നാം ഘട്ടത്തിന്റെ വിജയത്തിനുശേഷം ഒരു മെഗാ ഡിജിറ്റൈസേഷൻ പദ്ധതിക്ക് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള ആർക്കൈവൽ ലൈബ്രറിയെ എല്ലാ അടിസ്ഥാനസൗകര്യങ്ങളോടും കൂടി ആധുനികവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നു. വിവിധ മതസ്ഥാപനങ്ങളിൽ നിന്നുമുള്ള രേഖകൾ സമാഹരിച്ചുകൊണ്ട് ഒരു തിയോളജിക്കൽ ആർക്കൈവ്സും ഉദ്ദേശിക്കുന്നു. സംസ്ഥാന സർവ്വവിജ്ഞാനകോശ പ്രസിദ്ധീകരണ ഇൻസ്റ്റിറ്റ്യൂട്ട് 'വാർഷിക സർവ്വവിജ്ഞാനകോശം-2012' പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നു. യുവതലമുറയ്ക്കായി നാലു വാല്യങ്ങളിലായി ഡെസ്ക്ടോപ്പ് എൻസൈക്ലോപീഡിയ പ്രസിദ്ധീകരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നുണ്ട്.

**74.** മൂന്നാർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളിലുമുള്ള എല്ലാ കയ്യേറ്റങ്ങളും നീക്കം ചെയ്യുന്നതിന് എന്റെ സർക്കാർ തികച്ചും പ്രതിജ്ഞാബദ്ധമാണ്. പൊതു ആവശ്യത്തിനായി ആർജ്ജിക്കപ്പെട്ട ഭൂമിയുടെ ഭൂവുടമയ്ക്ക് അർഹതപ്പെട്ടത് ലഭിക്കണമെന്നും ഭൂമി ആർജ്ജന പ്രക്രിയയിലൂടെ കുടുംബങ്ങൾ ഭവനരഹിതരായി തീരാൻ പാടില്ലെന്നതുമാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഇക്കാര്യം പരിഗണിച്ചുകൊണ്ട്, ഒരു പ്രായോഗികവും സാമ്പത്തികമായി സാദ്ധ്യമാകുന്നതും മാനുഷികവുമായ പുനർകുടിയേറ്റവും പുനരധിവാസവും നയം സംസ്ഥാനത്ത് തയ്യാറാക്കുന്നുണ്ട്. ആർജ്ജിക്കപ്പെട്ട ഭൂമിയിൽ നിലവിൽ വരുന്ന പദ്ധതിയിൽ മുൻ ഭൂഉടമ ഒരു സ്റ്റേക്ക് ഹോൾഡറായിരിക്കും എന്ന് പ്രസ്തുത നയം ഉറപ്പുവരുത്തുന്നതാണ്. കൂടാതെ, ഭൂമി ആർജ്ജിക്കുകയും അത് പ്രയോജനപ്പെടുത്താതിരിക്കുകയും ചെയ്യുന്ന പ്രവണതയ്ക്ക് കടിഞ്ഞാണിടേണ്ടതാവശ്യമാണ്. ആയതിനാൽ, പൊതു ആവശ്യത്തിനായി ആർജ്ജിക്കപ്പെട്ടിട്ടുള്ള ഏതൊരു ഭൂമിയും ന്യായമായ ഒരു സമയപരിധിക്കുള്ളിൽ ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നതാണ്. കേരളത്തിൽ ഏറ്റവും ആകർഷണീയമായതും പ്രധാനപ്പെട്ടതുമായ വിഭവങ്ങളിൽ ഒന്നാണ് ഭൂമി. സംസ്ഥാന ലാൻഡ് ബാങ്ക് ഇതിനകം സംസ്ഥാനത്തെ സർക്കാർ ഭൂമിയുടെ വലിയൊരുഭാഗം സർവ്വേ നടത്തി രേഖയാക്കിയിട്ടുണ്ട്. ഈ പ്രവർത്തനം ജി.പി.എസ്. (GPS) സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**75.** വനങ്ങളുടെ സമീപം താമസിക്കുന്ന അർഹരായ ആളുകൾക്ക് പട്ടയം നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടി റവന്യൂ-വനം വകുപ്പുകൾ നടത്തുവാൻ പോകുന്ന സംയുക്ത സർവ്വേ ത്വരിതപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംയുക്ത

സർവ്വേ വനപ്രദേശങ്ങളെ സ്വകാര്യ കൈവശ ഭൂമിയിൽ നിന്നും വേർതിരിക്കുന്ന 'ജണ്ടകൾ' നിർമ്മിക്കുന്ന ജോലി ദ്രുതഗതിയിൽ നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതാണ്. 2006-ലെ വനാവകാശ ആക്റ്റിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ പരിശോധനയ്ക്കും സർവ്വേയ്ക്കും ശേഷം, ഏകദേശം 32,800 കുടുംബങ്ങൾക്ക് അവകാശരേഖ നൽകുന്നതാണ്.

**76.** എന്റെ സർക്കാർ, തീർത്ഥാടനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള ഉദ്ദേശ്യത്തോടുകൂടി, ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമാണ്. മാസ്റ്റർ പ്ലാനിന്റെ കീഴിലുള്ള പദ്ധതികളുടെ സത്വരമായ നടപ്പാക്കലിനുവേണ്ടി സംഘടിതശ്രമം നടത്തുന്നതാണ്. പുല്ലുമേട് ദുരന്തം പോലെയുള്ള സംഭവങ്ങൾ ഭാവിയിൽ ഉണ്ടാവില്ലെന്നുറപ്പു വരുത്തുന്നതിനു വേണ്ടി ഒരു വിശദമായ ശബരിമല സുരക്ഷാ മാന്വൽ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതുമാണ്; അത് തിക്കിലും തിരക്കിലുമുള്ള ആകസ്മികപലായനവും അതുപോലുള്ള മറ്റ് ദുരന്തങ്ങളോടും ഒപ്പം തീപിടുത്തത്തിനും വൈദ്യുത അപകടങ്ങൾക്കും എതിരെ ഉചിതമായ മുൻകരുതലുകൾ ഉറപ്പുവരുത്തുന്നതുമായിരിക്കും. ദേവസ്വം മന്ത്രി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിശോധിക്കുന്നതായിരിക്കും. ഒരു ഗ്രാമത്തിന്റെ പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിൽ ക്ഷേത്രക്കുളങ്ങൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്റെ സർക്കാർ, എൻ. ആർ. ഇ. ജി. എസ്. (NREGS)-ന്റെയും ദേവസ്വം ബോർഡുകളുടെയും മറ്റ് ഉറവിടങ്ങളുടെയും കീഴിൽ ലഭ്യമായിട്ടുള്ള വിഭവങ്ങൾ സമാഹരിച്ച് 'ജലസമൃദ്ധി' ക്ഷേത്രക്കുളം വീണ്ടെടുക്കൽ പരിപാടി എന്ന പേരിൽ ഒരു പരിപാടി ഏറ്റെടുക്കുന്നതാണ്.

**77.** എന്റെ സർക്കാർ, കൂടുതൽ സുതാര്യതയും ആധികാരികതയും ഉറപ്പുവരുത്തിന്നതിന്, സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ രജിസ്ട്രേഷൻ ഡാറ്റ കേന്ദ്രീകരിക്കുന്നതിനും സബ്ബ് രജിസ്ട്രാർ ആഫീസുകളിലെ രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുംവേണ്ടി ഒരു കർമ്മ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. പാർട്ട്ണർഷിപ്പ് ഫേമുകളുടെയും വ്യാപാരേതര കമ്പനികളുടെയും ചാരിറ്റബിൾ സൊസൈറ്റികളുടെയും രജിസ്ട്രേഷനുവേണ്ടി ഓൺലൈൻ സേവനങ്ങൾ നൽകുവാൻ കൂടി രജിസ്ട്രേഷൻ വകുപ്പ് പദ്ധതിയിടുന്നു.

**78.** പൂർണ്ണതയുടെ അന്തിമഘട്ടത്തിലേക്ക് എത്തിച്ചേർന്നു കൊണ്ടിരിക്കുന്ന അധികാരവികേന്ദ്രീകരണ പ്രക്രിയയെ പരിപോഷിപ്പിക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ, സ്ഥാപനവൽക്കരണ പ്രക്രിയയ്ക്ക് മൂല്യവും ഗുണവും കൂട്ടുന്നതിനുള്ള ലോകബാങ്ക് സഹായമുള്ള കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്റ്റ് നൽകുന്ന അവസരം പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്റ്റുകൾക്ക് 1999-ൽ ആണ് അവസാനമായി പ്രധാനമായ ഭേദഗതികൾ ഉണ്ടായിട്ടുള്ളത്; അവയെ പുനരവലോകനം ചെയ്യുന്നതിനും അനുഭവത്തിന്റെ വെളിച്ചത്തിൽ ആവശ്യമായ കൂടുതൽ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള സമയമായിരിക്കുന്നു. ഈ വസ്തുത പരിശോധിക്കുന്നതിന് ഒരു വിദഗ്ദ്ധ സംഘത്തെ സർക്കാർ ഏർപ്പെടുത്തുന്നതാണ്. എന്റെ സർക്കാർ, നടപടിക്രമങ്ങൾ ലളിതമാക്കുക എന്ന ഉദ്ദേശ്യത്തോടെയും സംസ്ഥാനത്തെ ഗ്രാമ-നഗര പ്രദേശങ്ങളുടെ സംയോജിത വീക്ഷണത്തിനുംവേണ്ടി ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബിൽ കൊണ്ടുവരുന്നതിന്റെ ആവശ്യകത പരിശോധിക്കുന്നതാണ്.

**79.** തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അവരുടെ പരമ്പരാഗത ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ നിരവധി ആശങ്കകൾ ഉണ്ട്. സംസ്ഥാനത്തെ മെട്രോപൊളിറ്റൻ സിറ്റികളിലും മുനിസിപ്പാലിറ്റികളിലും നഗരവൽക്കരണം അതിവേഗം പുരോഗമിച്ചുവരികയാണ്. ഈ വികസനവുമായി യോജിച്ചുപോകാൻ നഗരങ്ങൾക്ക് കഴിയാതെവരുകയും ജനങ്ങൾ ശുദ്ധവായുവിനും, ജലത്തിനും, ചുറ്റുപാടുകൾക്കും, മെച്ചപ്പെട്ട ശുചീകരണത്തിനും വേണ്ടി ബുദ്ധിമുട്ടുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സർക്കാരിതര ഏജൻസികളുമായും സഹകരിച്ചുകൊണ്ട് നഗരങ്ങളെ വൃത്തിയാക്കി, വെടിപ്പും ശുചിത്വവുമുള്ള ഹരിതമേഖലകളാക്കി മാറ്റുക എന്നതാണ് എന്റെ സർക്കാരിന്റെ ലക്ഷ്യം. തദ്ദേശ ഭരണസ്ഥാപനങ്ങളെയും പൊതുപ്രവർത്തകരെയും എൻ. ജി. ഒ. (NGO)-കളെയും ഉൾപ്പെടുത്തിക്കൊണ്ട് വൻ പൊതുജനപങ്കാളിത്തത്തോടെ സമഗ്രമായ പ്രചാരണ പ്രവർത്തനം ആരംഭിക്കുന്നതും ആയത് 'മാലിന്യമുക്ത കേരളം (garbage free Kerala)' എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതുമാണ്. ശേഖരണവും പരിവഹണവും നടത്തിപ്പും പരിപാലനവും നിലവിലുള്ള പ്രദേശങ്ങളുടെ വീണ്ടെടുക്കലും പുനരുപയോഗവും ഉൾപ്പെടെ ഖരമാലിന്യ മാനേജ്മെന്റിനുവേണ്ടി വിശദമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. എന്റെ സർക്കാർ, ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനുള്ള എല്ലാ സാങ്കേതികവും ഭരണപരവുമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് 'ശുചിത്വ മിഷൻ' ശക്തിപ്പെടുത്തുന്നതാണ്.

**80.** കുടുംബശ്രീ മിഷൻ അന്താരാഷ്ട്ര പ്രശംസ പിടിച്ചുപറ്റിക്കഴിഞ്ഞു. പാവപ്പെട്ടവർക്ക് അവരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സംഘടനയെന്നനിലയിലുള്ള

അതിന്റെ പ്രാധാന്യം നിലനിർത്തുന്നതാണ്. ഗ്രാമീണ സുസ്ഥിര വികസന മേഖലയിലെ സർക്കാരിതര സംഘടനകൾക്കും മറ്റ് സ്വയംസഹായ സംഘങ്ങൾക്കും എല്ലാ പ്രോൽസാഹനവും നൽകുന്നതാണ്. ഒഴിവാക്കപ്പെട്ട വിഭാഗങ്ങൾ, പ്രത്യേകിച്ച്, പട്ടിക ഗോത്ര വർഗ്ഗങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, ശേഷിയിൽ വ്യത്യസ്തരായവരുടെ അയൽക്കൂട്ടം എന്നിവരെ ഒരു നയം എന്ന നിലയിൽ ഉൾക്കൊള്ളുന്നതിനും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് പ്രാപ്തമാക്കുംവിധം അവരെ ഏകോപിപ്പിക്കുന്നതിനുമായിരിക്കും ഊന്നൽ നൽകുന്നത്.

**81.** എന്റെ സർക്കാർ, കേന്ദ്ര സഹായത്തോടെയുള്ള ഫ്ളാഗ്ഷിപ്പ് സ്കീമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി യത്നിക്കുന്നതാണ്. പാവപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനും ഗ്രാമീണമേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും കാർഷികവൃത്തിയും മെച്ചപ്പെടുത്തുന്നതിനും സഹായകരമാകുന്ന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. ജെ. എൻ. എൻ. യു. ആർ. എം. (JNNURM)-ന്റെയും കെ. എസ്. യു. ഡി. പി. (KSUDP)-യുടെയും നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുന്നതാണ്. പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജന മെച്ചപ്പെടുത്തുന്നതും ഭാരത സർക്കാരിൽ നിന്നും കൂടുതൽ ഫണ്ടുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. മൂന്ന് ഫ്ളാഗ്ഷിപ്പ് കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരളത്തിനെ രാജ്യത്തെ ഒരു അനുകരണീയ മാതൃക ആക്കുന്നതിലേക്കായി പ്രവർത്തിക്കുന്നതാണ്. ടെൻഡർ എക്സസും വസ്തു ആർജ്ജിത ചെലവുംമൂലം കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഉണ്ടാകുന്ന അധിക ഭാരം എന്റെ

സർക്കാർ ഏറ്റെടുക്കുന്നതാണ്. ഭക്ഷ്യവിള മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് രണ്ട് പ്രധാന പ്രോജക്ടുകൾ മഹിളാ കിസാൻ സശക്തീകരൺ പരിയോജനയുടെ കീഴിൽ കേരളത്തിന് അനുവദിച്ചിട്ടുണ്ട്.

**82.** പിന്നാക്ക പ്രദേശങ്ങളിലെ സമഗ്രമായ വികസനത്തിനായി ഹിൽ ഏരിയ വികസന അതോറിറ്റിയും തീരദേശ വികസന അതോറിറ്റിയും രൂപീകരിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കഴിഞ്ഞ അഞ്ചു വർഷമായി നടപ്പിലാക്കാതെയിരുന്ന ഹിൽ ഹൈവേ പ്രോജക്ട് ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനായി ഏറ്റെടുക്കുന്നതാണ്.

**83.** തദ്ദേശ സ്ഥാപനങ്ങളിലെ അഴിമതി പൂർണ്ണമായും ഉന്മൂലനം ചെയ്യുക എന്നത് സർക്കാരിന്റെ നയമാണ്. ഇതിനായി ഡിസ്ക്ലോഷർ നിയമങ്ങൾ (disclosure laws) കൂടുതൽ വിപുലീകരിക്കുന്നതും സ്വതന്ത്രമായ സോഷ്യൽ ആഡിറ്റ് വ്യാപിപ്പിക്കുന്നതുമാണ്. ഓംബുഡ്സ്മാൻ സംവിധാനത്തെ ഒരു മൂന്നംഗ നികായമാക്കികൊണ്ട് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**84.** സംസ്ഥാനത്തുടനീളമുള്ള ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഇൻസെന്റീവ് നൽകിക്കൊണ്ട് ഖാദി മേഖല ശക്തിപ്പെടുത്തുന്നതിന് ഖാദി-ഗ്രാമ വ്യവസായ ബോർഡ് നടപടികളെടുത്തിട്ടുണ്ട്. ഈ വർഷം 5,450-ൽ കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് മാർജിൻ മണി ഗ്രാന്റായി മതിയായ ഫണ്ടുകൾ നൽകുന്നതിന് ഉദ്ദേശിക്കുന്നു.

**85.** തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം വിദേശ നാണ്യം വർദ്ധിപ്പിച്ചുകൊണ്ടും പരിസ്ഥിതി സംരക്ഷിക്കുകയും

പരിപാലിക്കുകയും ചെയ്തുകൊണ്ടും സാംസ്കാരിക പൈതൃകം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടും സമൂഹത്തിന്റെ സമഗ്ര വികസനത്തിന് ടൂറിസം സുപ്രധാന പങ്ക് വഹിക്കുന്നു. സുസ്ഥിരത, മനുഷ്യശേഷിവികസനം, തദ്ദേശ സാമൂഹികപങ്കാളിത്തം എന്നിവയിലുള്ള അതിന്റെ പ്രാധാന്യം കൊണ്ട് ടൂറിസം വികസനത്തിൽ കേരളം മുൻനിര സംസ്ഥാനങ്ങളിലൊന്നായി മാറിയിരിക്കുകയാണ്.

**86.** ടൂറിസം മേഖലയുടെ ഭാവി വികസനത്തിന് ദിശാബോധവും ഊന്നലും നൽകുന്നതിനായി എന്റെ സർക്കാർ നിക്ഷേപ സൗഹൃദ പദ്ധതികൾ, സാമ്പത്തിക സഹായം, നികുതി ഇളവ്, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു ടൂറിസം നയം ആവിഷ്കരിക്കുന്നതാണ്. മറ്റു മേഖലകളേക്കാൾ പിന്നാക്കം നിൽക്കുന്ന മലബാർ മേഖലയിൽ ടൂറിസം വ്യവസായത്തിനുവേണ്ടി ഒരു പ്രത്യേക ടൂറിസം പാക്കേജിന് രൂപം നൽകുന്നതാണ്. ആലപ്പുഴയ്ക്കുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ വിശദമായ കൂടിയാലോചനകൾക്കുശേഷം അന്തിമമാക്കുന്നതും ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുന്നതുമാണ്. ടൂറിസത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ മാനവശേഷി വികസന നയത്തിന് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുമെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. തദ്ദേശ സ്ഥാപനങ്ങളുടെയും ടൂറിസം മേഖലയിലെ തല്പര കക്ഷികളുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ ഉത്തരവാദിത്വ ടൂറിസസംരംഭം സംസ്ഥാനത്ത് ഉടനീളം വ്യാപിപ്പിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം കെ.റ്റി.ഡി.സി. (KTDC) കോഴിക്കോട്ട് ഒരു പ്രീമിയം ഹോട്ടലിന്റെയും, ആലപ്പുഴയിൽ ഒരു ത്രിനക്ഷത്ര ഹോട്ടലിന്റെയും പ്രവൃത്തി ആരംഭിക്കുന്നതാണ്.

**87.** അഡ്വക്കേറ്റ്സ് ക്ളർക്ക് ക്ഷേമനിധിയിലെയും അഭിഭാഷക ക്ഷേമനിധിയിലെയും അംഗങ്ങൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ ലഭ്യമാക്കുന്നതിന് പ്രസ്തുത ഫണ്ടുകൾക്ക് ഗ്രാന്റ് നൽകുന്നതിന് കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് വിപുലീകരിക്കുന്നതാണ്. ഈ വർഷം 'കുട്ടികളുടെ അവകാശ വർഷം' ആയി ആഘോഷിക്കുന്നതിന് കേരള ലീഗൽ സർവ്വീസസ് അതോറിറ്റി തീരുമാനിച്ചിരിക്കുകയാണ്. എല്ലാ ജില്ലാ അതോറിറ്റികളിലും 'ഫ്രണ്ട് ഓഫീസ്' (Front Office) സ്ഥാപിച്ചുകൊണ്ട് ഉചിതമായ കേസുകളിൽ ആവശ്യക്കാരായ വ്യവഹാരികൾക്കായി അഭിഭാഷകരെ നിയോഗിക്കാൻ 'കെൽസ' ഉദ്ദേശിക്കുന്നു. ആഴ്ചതോറുമുള്ള അദാലത്ത്, രണ്ടാം ശനിയാഴ്ചതോറുമുള്ള മെഗാ അദാലത്ത്, കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക ബോധവത്കരണ പരിപാടി, എല്ലാ ലീഗൽ അതോറിറ്റികളിലും പാരാ ലീഗൽ വോളന്റിയർമാരെ നിയോഗിക്കൽ, സർവ്വകലാശാലകളിൽ നിയമ സഹായ ക്ളിനിക്കുകൾ സ്ഥാപിക്കൽ എന്നിവ നടപ്പുവർഷം ഏറ്റെടുക്കുന്ന പ്രധാന പരിപാടികളിൽ ചിലതാണ്. തിരുവനന്തപുരത്തും എറണാകുളത്തും ഉള്ള സ്ഥിരം ലോക് അദാലത്തുകൾക്കു പുറമേ മറ്റൊന്ന് ഈ വർഷം കോഴിക്കോട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. പരമ്പരാഗത വിജ്ഞാനാധിഷ്ഠിത ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിനായി 'കേരള ട്രഡീഷണൽ നോളജ് അതോറിറ്റി'യുടെ (KTKA) രൂപീകരണവും കേരള സംസ്ഥാനത്തിനായി സമ്പൂർണ്ണ ബൗദ്ധിക സ്വത്തവകാശ (ഭരണ) സംവിധാനത്തിന്റെ രൂപീകരണവുമാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്ന രണ്ട് പുതിയ നിർദ്ദേശങ്ങൾ.

**88.** മുഖ്യധാരയിലുള്ളവർക്ക് ലഭ്യമായ അവകാശങ്ങൾ കരഗതമാക്കാൻ കഴിയാത്ത സമൂഹത്തിലെ വിഭാഗങ്ങൾക്ക് ആശ്വാസം പകരുക എന്നതിലാണ് സാമൂഹ്യക്ഷേമ വകുപ്പ്

ലക്ഷ്യമിടുന്നത്. തങ്ങളുടെ നിയന്ത്രണത്തിന് അതീതമായ സാഹചര്യങ്ങൾമൂലം ജീവിത നിലവാരത്തോട് സന്ധി ചെയ്യേണ്ടി വരുന്ന ജനങ്ങൾ ഉൾപ്പെടെ സ്ത്രീകൾ, കുട്ടികൾ, ശേഷിയിൽ വ്യത്യസ്തരായവർ എന്നിവരുടെ സാമൂഹ്യ സുരക്ഷയിലും വികസനത്തിന്മേലുമുള്ള ഇടപെടലുമായി ബന്ധപ്പെട്ടതാണ് സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ. ഈ വിഭാഗം ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്നതിന് കാര്യക്ഷമമായും പ്രതിജ്ഞാബദ്ധതയോടും സഹാനുഭൂതിയോടും കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. സുരക്ഷിതത്വം, സന്തോഷം, വളരുവാനുള്ള അവസരം എന്നിവയ്ക്കുള്ള കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ട പ്രാഥമിക ഉത്തരവാദിത്വത്തോടുകൂടിയ ഒരു ചൈൽഡ് റൈറ്റ്സ് കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ദുരിതമനുഭവിക്കുന്ന കുട്ടികൾക്കും സ്ത്രീകൾക്കുമായി വ്യവസ്ഥാപിതമായ പരിരക്ഷയുടെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിന് യത്നിക്കുന്നതാണ്.

**89.** ശേഷിയിൽ വ്യത്യസ്തരായവർക്ക് സർക്കാർ തസ്തികകളിലുള്ള 3% ക്വാട്ട നിഷേധിക്കുന്നത് ക്രൂരവും മനുഷ്യത്വരഹിതവുമാണെന്നാണ് എന്റെ സർക്കാരിന്റെ കാഴ്ചപ്പാട്. അത്തരം ആളുകളെ നിയമിക്കുന്നതിനും നികത്താതെ കിടക്കുന്ന അവർക്കായുള്ള ഒഴിവുകൾ ഏറ്റവും ചുരുങ്ങിയ കാലയളവിനുള്ളിൽ നികത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. ശേഷിയിൽ വ്യത്യസ്തരായവർ അവരുടെ ന്യായമായ ആവശ്യങ്ങളും പ്രശ്നങ്ങളും സർക്കാരിനെ ധരിപ്പിക്കുന്നതിലും അതിന് പ്രതികരണം ലഭിക്കുന്നതിലും എല്ലായ്പ്പോഴും ബുദ്ധിമുട്ട്

അനുഭവിക്കുന്നുണ്ട്. ശേഷിയിൽ വ്യത്യസ്തരായവരുടെ സ്പെഷ്യൽ റിക്രൂട്ടുമെന്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് അതിവേഗം പരിഹാരം കണ്ടെത്തുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിനു സഹായം നൽകുന്നതും ശേഷിയിൽ വ്യത്യസ്തരായവർക്ക് ബഡ്സ് (BUDS) സ്കൂളുകൾ നടത്തുന്നതും ഉൾപ്പെടെ എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

**90.** ആരോഗ്യമേഖലയിലെ ഏറ്റവും പുതിയ സർവ്വേകൾ വെളിപ്പെടുത്തുന്ന കണക്കുകൾ അതീവ ഉത്കണ്ഠയുളവാക്കുന്നവയാണ്. എന്റെ സർക്കാർ, പോഷകാഹാര രംഗത്ത് കൈവരിക്കേണ്ട നേട്ടങ്ങളും വിവിധ തല്പരകക്ഷികൾക്ക് നൽകേണ്ടതായ ഉത്തരവാദിത്വങ്ങളും വിവരിക്കുന്ന ഒരു സംസ്ഥാന ന്യൂട്രീഷൻ പോളിസി ആവിഷ്കരിക്കുന്നതാണ്. വൃദ്ധജനസംഖ്യാ വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് പ്രായമായവരുടെ പ്രശ്നങ്ങളിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും അവരുടെ സംരക്ഷണത്തിനും സഹായത്തിനുമായുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതുമാണ്.

**91.** പൊതുജനാരോഗ്യം, ശുചിത്വം, പോഷകാഹാരം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഫലപ്രദമായ ഏകോപനത്തിനും ദുരിതമനുഭവിക്കുന്ന സ്ത്രീകളെ സഹായിക്കുന്നതിനായുള്ള പ്രാദേശികമായ ഇടപെടലുകളെ പിന്തുണയ്ക്കുന്നതിനുമായി അംഗനവാടിയുടെയും പഞ്ചായത്തിന്റെയും സമീപപ്രദേശത്തുള്ള സ്ത്രീകളെ ലക്ഷ്യമാക്കിയുള്ള ജാഗ്രതാസമിതികളെയും അമ്മമാരുടെ യോഗങ്ങളെയും ശക്തിപ്പെടുത്തുന്നതാണ്.

**92.** മദ്യപാനത്തിനെതിരെ നിരവധി ബോധവൽക്കരണ പരിപാടികളും പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്തുകൊണ്ട് എന്റെ സർക്കാർ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ വരുമാനം കിട്ടുന്ന ഒരു വകുപ്പ് എന്നതിൽ നിന്നും സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നു. ഘട്ടം ഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരുക എന്നതാണ് നമ്മുടെ ലക്ഷ്യം. എല്ലാ വിഭാഗക്കാരുമായി ചർച്ചചെയ്തതിനുശേഷം പരിഷ്ക്കരിച്ച ഒരു അബ്കാരിനയം പ്രഖ്യാപിക്കുന്നതാണ്. മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എക്സൈസ് വകുപ്പിനുള്ളിൽത്തന്നെ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ലഹരി വിമുക്ത/പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും എക്സൈസ് വകുപ്പ് ഉദ്ദേശിക്കുന്നു.

**93.** വാണിജ്യനികുതി വകുപ്പിലെ പ്രവർത്തനങ്ങൾ ലളിതവൽക്കരിക്കുന്നതിനുപുറമെ സുതാര്യത കൂടി ഉറപ്പാക്കി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ ഇ-ഗവേണൻസ് ഉദ്യമങ്ങൾക്കും ഗവൺമെന്റ് പ്രോസസ് റീഎൻജിനീയറിംഗിനും ഉള്ള പ്രാധാന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. വ്യാപാരികൾക്ക് ഇലക്ട്രോണിക്കലായി അവരുടെ ആനുകാലിക വ്യാപാര കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും റിട്ടേൺസിനോടൊപ്പം വിൽക്കലിന്റെയും വാങ്ങലിന്റെയും ഇൻവോയിസുകളുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നുണ്ട്. ബാങ്കുകളെയും ട്രഷറികളെയും വാണിജ്യ നികുതി വകുപ്പിനെയും സംയോജിപ്പിച്ചുകൊണ്ട് അതത് ദിവസംതന്നെ നികുതി സർക്കാരിന്റെ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുകയും റീകൺസീലിയേഷൻ പ്രക്രിയ

**92.** മദ്യപാനത്തിനെതിരെ നിരവധി ബോധവൽക്കരണ പരിപാടികളും പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്തുകൊണ്ട് എന്റെ സർക്കാർ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ വരുമാനം കിട്ടുന്ന ഒരു വകുപ്പ് എന്നതിൽ നിന്നും സാമൂഹ്യ പ്രതിബദ്ധതയുള്ള വകുപ്പാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നു. ഘട്ടം ഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടു വരുക എന്നതാണ് നമ്മുടെ ലക്ഷ്യം. എല്ലാ വിഭാഗക്കാരുമായി ചർച്ചചെയ്തതിനുശേഷം പരിഷ്ക്കരിച്ച ഒരു അബ്കാരിനയം പ്രഖ്യാപിക്കുന്നതാണ്. മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എക്സൈസ് വകുപ്പിനുള്ളിൽത്തന്നെ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ലഹരി വിമുക്ത/പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും എക്സൈസ് വകുപ്പ് ഉദ്ദേശിക്കുന്നു.

**93.** വാണിജ്യനികുതി വകുപ്പിലെ പ്രവർത്തനങ്ങൾ ലളിതവൽക്കരിക്കുന്നതിനുപുറമെ സുതാര്യത കൂടി ഉറപ്പാക്കി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൽ ഇ-ഗവേണൻസ് ഉദ്യമങ്ങൾക്കും ഗവൺമെന്റ് പ്രോസസ് റീഎൻജിനീയറിംഗിനും ഉള്ള പ്രാധാന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. വ്യാപാരികൾക്ക് ഇലക്ട്രോണിക്കലായി അവരുടെ ആനുകാലിക വ്യാപാര കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും റിട്ടേൺസിനോടൊപ്പം വിൽക്കലിന്റെയും വാങ്ങലിന്റെയും ഇൻവോയിസുകളുടെ വിശദാംശങ്ങൾ അപ്ലോഡ് ചെയ്യുകയും ചെയ്യുന്നുണ്ട്. ബാങ്കുകളെയും ട്രഷറികളെയും വാണിജ്യ നികുതി വകുപ്പിനെയും സംയോജിപ്പിച്ചുകൊണ്ട് അതത് ദിവസംതന്നെ നികുതി സർക്കാരിന്റെ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുകയും റീകൺസീലിയേഷൻ പ്രക്രിയ

ഉടനടിയും, തെറ്റില്ലാതെയും നടത്തിവരികയും ചെയ്യുന്നു. ഈ ഉദ്യമത്തിന്റെ തുടർച്ചയായി ഒരു ഡിസാസ്റ്റർ റിക്കവറി സൈറ്റ് ആരംഭിക്കുന്നതിനും ഇലക്ട്രോണിക് ഇടപാടുകൾക്ക് ഡിജിറ്റൽ ഒപ്പും, ഇലക്ട്രോണിക് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് സൈബർ ഫോറൻസിക്‌ലാബും പോലെയുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അത്തരം പദ്ധതികൾക്ക് ലഭ്യമായിട്ടുള്ള കേന്ദ്രസഹായം പ്രയോജനപ്പെടുത്തിക്കൊണ്ട് സമഗ്രമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതാണ്.

**94.** എന്റെ സർക്കാർ തീരദേശമേഖലയിലെ മാരിടൈം പ്രവർത്തനങ്ങളിലുള്ള വമ്പിച്ച സാദ്ധ്യതകൾ തിരിച്ചറിയുന്നു. വൻ വികസന സാദ്ധ്യതയുള്ള തുറമുഖങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്ത അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിക്ക് മുന്തിയ പരിഗണനയാണ് എന്റെ സർക്കാർ നൽകുന്നത്. വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി, പ്രതിബദ്ധതയോടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള പരിഷ്ക്കരിച്ച കർമ്മ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പരിഷ്ക്കരിച്ച ഒന്നാംഘട്ട പദ്ധതിയുടെ മതിപ്പ് ചെലവ് 4,040 കോടി രൂപയാണ്. പദ്ധതിക്ക് സാമ്പത്തികലഭ്യത ഉറപ്പാക്കുന്നതിന് നിർദ്ദിഷ്ട ബാങ്കേഴ്സ് കൺസോർഷ്യത്തെ സജീവമാക്കുന്നതാണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പിനായി ഒരു സ്വകാര്യ പങ്കാളിയെ ഉടനെ തെരഞ്ഞെടുക്കുന്നതാണ്.

**95.** ലക്ഷദ്വീപ് ട്രാഫിക്കിനുമാത്രമായി വാർഫ് സൗകര്യങ്ങളും പാസഞ്ചർ ടെർമിനലും നിർമ്മിക്കുന്നതിനുവേണ്ടി ബേപ്പൂർ തുറമുഖത്തിന്റെ അധീനതയിലുള്ള ഭൂമിയും കരയോടു ചേർന്ന് കിടക്കുന്ന ജലഭാഗവും പാട്ടത്തിന് നൽകുന്നതിനായി ഒരു ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് വികസിപ്പിക്കുന്ന അങ്ങനെയുള്ള ബർത്തിങ് സൗകര്യവും പാസഞ്ചർ ടെർമിനലും കേരളവും ലക്ഷദ്വീപും തമ്മിലുള്ള ചരക്ക്-യാത്രാ ഗതാഗതം വർദ്ധിപ്പിക്കുന്നതാണ്.

**96.** നോട്ടിക്കൽ-മാരിടൈം സയൻസിൽ കോഴ്സുകൾ നടത്തുന്നതിന് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിലേക്കായി എന്റെ സർക്കാർ 'കേരള മാരിടൈം സൊസൈറ്റി' സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് പുറമേ കൊടുങ്ങല്ലൂരിൽ ഒരു മാരിടൈം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കേരളാ മാരിടൈം ബോർഡിന്റെ രൂപീകരണം മാരിടൈം മേഖലയിലെ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് സഹായകരമാകുന്നതാണ്. അപകടങ്ങൾ റിപ്പോർട്ടുചെയ്യുമ്പോൾ തെരച്ചിലിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി ഓരോ ജില്ലയിലും മുങ്ങൽ വിദഗ്ദ്ധരുടെ പാനൽ ഉൾക്കൊള്ളുന്ന ഒരു 'സെർച്ച് ആന്റ് റെസ്ക്യൂ ടീം' രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

**97.** മുൻപറഞ്ഞ പ്രഖ്യാപനങ്ങളും കർമ്മസൂചകങ്ങളും സംസ്ഥാനത്തിന് ത്വരിതഗതിയിലുള്ള വികസനം കൊണ്ടുവരുന്നതിനുള്ള എന്റെ സർക്കാരിന്റെ നിശ്ചയദാർഢ്യവും വീക്ഷണവും പ്രകടമാക്കുന്നതാണ്. ഇവയെല്ലാം ക്രിയാത്മക പരിപാടികളാക്കി മാറ്റിയെടുക്കുന്നതിന് എന്റെ സർക്കാരിന് പ്രാപ്തിയുണ്ടെന്ന കാര്യത്തിൽ എനിക്ക് ദൃഢവിശ്വാസമുണ്ട്.

നിരുൽസാഹപ്പെടുത്തുന്ന വെല്ലുവിളികളും നിരവധി പ്രശ്നങ്ങളും ഉണ്ടെങ്കിൽപോലും പൗരാഭിലാഷങ്ങൾക്കൊത്ത് എന്റെ സർക്കാർ ഉയരുമെന്നും കേരള ജനത നമ്മിൽ നിന്നും ആവശ്യപ്പെടുന്ന വേഗതയോടും കാര്യക്ഷമതയോടുംകൂടി പ്രവർത്തിക്കുമെന്നും നിങ്ങൾക്ക് ഉറപ്പ് നൽകാൻ എനിക്ക് കഴിയും.

**ജയ്ഹിന്ദ്**